# പെസഹാ അഷ്ടദിനങ്ങളിലെ തിങ്കൾ

**പ്രവേശകപ്രഭണിതം** പുറ 13, 5-9

തേനും പാലുമൊഴുകുന്ന ദേശത്തേക്ക് കർത്താവ് നിങ്ങളെ പ്രവേശിപ്പിച്ചിരിക്കുന്നു; അങ്ങനെ, കർത്താവിന്റെ നിയമം എപ്പോഴും നിങ്ങളുടെ അധരങ്ങളിലുണ്ടായിരിക്കട്ടെ, അല്ലേലൂയാ.

അഥവാ

അരുൾചെയ്തതുപോലെ, കർത്താവ് മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്തു. നമുക്കെല്ലാവർക്കും ആഹ്ലാദിക്കുകയും ആനന്ദിക്കുകയും ചെയ്യാം. എന്തെന്നാൽ, അവിടന്നുതന്നെ എന്നേക്കും വാഴുന്നു, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

ദൈവമേ, നവസന്തതികളാൽ അങ്ങേ സഭയെ അങ്ങ് നിരന്തരം വർധമാനമാക്കുന്നുവല്ലോ; വിശ്വാസത്താൽ ഇവർ സ്വീകരിച്ച കൂദാശ ജീവിതത്തിൽ അനുവർത്തിക്കാൻ അങ്ങേ ദാസർക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ ജനത്തിന്റെ കാഴ്ചദ്രവ്യങ്ങൾ കനിവാർന്ന് സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ നാമത്തിന്റെ പ്രഖ്യാപനത്താലും ജ്ഞാനസ്നാനത്താലും നവീകൃതരായി, അവർ നിത്യാനന്ദം പ്രാപിക്കുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ഒന്നാം ആമുഖഗീതി

റോമൻ കാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥനയും അനുസ്മരണപ്രാർഥനയും ചൊല്ലുന്നു.

**ദിവ്യഭോജനപ്രഭണിതം** **റോമാ 6,9**

മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്ത ക്രിസ്തു ഇനിയൊരിക്കലും മരിക്കുകയില്ല. മരണത്തിന് അവന്റെമേൽ ഇനി ആധിപത്യമില്ല, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, പെസഹാരഹസ്യത്തിന്റെ കൃപ ഞങ്ങളുടെ മനസ്സുകളിൽ വർധമാനമാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, നിത്യരക്ഷാമാർഗത്തിലേക്കു പ്രവേശിക്കാൻ അങ്ങ് ഇടയാക്കിയവരെ അങ്ങേ ദാനങ്ങൾക്ക് അർഹരാകാനും അനുഗ്രഹിക്കണമേ. കർത്താവായ...

# പെസഹാ അഷ്ടദിനങ്ങളിലെ ചൊവ്വ

**പ്രവേശകപ്രഭണിതം** **Cf. പ്രഭാ 15, 3-4**

അവൻ അവർക്ക് ജ്ഞാനത്തിന്റെ ജലം കുടിക്കാൻ കൊടുത്തു; അതവരിൽ സുദൃഢമാകുകയും ചഞ്ചലമാകാതിരിക്കുകയും ചെയ്യും. അത് അവരെ എന്നേക്കും ഉയർത്തും, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

ദൈവമേ, സ്വർഗീയ ദാനത്താൽ അങ്ങേ ജനത്തെ പരിപോഷിപ്പിക്കാൻ അങ്ങു ഞങ്ങൾക്ക് പെസഹാ ഔഷധം നല്കിയല്ലോ. അങ്ങനെ, അവർ സമ്പൂർണ സ്വാതന്ത്ര്യം പ്രാപിച്ച് ഇപ്പോൾ ഭൂമിയിൽ അനുഭവിക്കുന്ന സന്തോഷം സ്വർഗത്തിലും അനുഭവിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ കുടുംബത്തിന്റെ കാണിക്കകൾ കാരുണ്യപൂർവം സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ സംരക്ഷണത്തിന്റെ സഹായത്താൽ സ്വീകരിച്ചവ, അവർ നഷ്ടപ്പെടുത്താതിരിക്കാനും നിത്യമായ ദാനങ്ങളിലേക്ക് എത്തിച്ചേരാനും ഇടയാകുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ഒന്നാം ആമുഖഗീതി

റോമൻ കാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥനയും അനുസ്മരണപ്രാർഥനയും ചൊല്ലുന്നു.

**ദിവ്യഭോജനപ്രഭണിതം** **കൊളോ 3, 1-2**

ക്രിസ്തുവിനോടൊപ്പം നിങ്ങൾ ഉയിർപ്പിക്കപ്പെട്ടെങ്കിൽ, ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തു വസിക്കുന്ന ഉന്നതങ്ങളിലുള്ളവ അന്വേഷിക്കുവിൻ, ഉന്നതങ്ങളിലുള്ളവ ശ്രദ്ധിക്കുവിൻ, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

സർവശക്തനായ ദൈവമേ, നിത്യാനന്ദം പ്രാപിക്കാൻ യോഗ്യരാകേണ്ടതിന്, ജ്ഞാനസ്നാനത്തിന്റെ സമ്പൂർണ കൃപാവരം അങ്ങേ കുടുംബത്തിന്റെമേൽ അങ്ങ് ചൊരിഞ്ഞുവല്ലോ. ഞങ്ങളെയും അങ്ങേ കുടുംബത്തിന്റെ ഹൃദയാഭിലാഷങ്ങളെയും അങ്ങ് ശ്രവിക്കണമേ. കർത്താവായ...

# പെസഹാ അഷ്ടദിനങ്ങളിലെ ബുധൻ

**പ്രവേശകപ്രഭണിതം** **Cf. മത്താ 25,34**

എന്റെ പിതാവാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

ദൈവമേ, കർത്താവിന്റെ ഉത്ഥാനത്തിന്റെ മഹോത്സവത്താൽ ആണ്ടുതോറും ഞങ്ങളെ അങ്ങ് ആനന്ദിപ്പിക്കുന്നുവല്ലോ. ഇഹത്തിൽ ഞങ്ങളാഘോഷിക്കുന്ന തിരുനാളുകൾ വഴി, നിത്യാനന്ദത്തിൽ എത്തിച്ചേരുന്നതിന് കാരുണ്യപൂർവം ഞങ്ങൾ അർഹരാകാൻ കനിയണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, മനുഷ്യരക്ഷയുടെ ബലിവസ്തുക്കൾ സ്വീകരിക്കുകയും മനസ്സിന്റെയും ശരീരത്തിന്റെയും രക്ഷ ഞങ്ങളിൽ പ്രീതിപൂർവം പൂർത്തീകരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്തെ ഒന്നാം ആമുഖഗീതി

റോമൻ കാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥനയും അനുസ്മരണപ്രാർഥനയും ചൊല്ലുന്നു.

**ദിവ്യഭോജനപ്രഭണിതം** **Cf. ലൂക്കാ 24, 35**

കർത്താവായ യേശുവിനെ അപ്പം മുറിക്കലിൽ ശിഷ്യന്മാർ തിരിച്ചറിഞ്ഞു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഭക്ത്യാദരപൂർവം ഞങ്ങൾ സ്വീകരിച്ച അങ്ങേ പുത്രന്റെ കൂദാശ ഞങ്ങളെ പഴയതിൽ നിന്നെല്ലാം ശുദ്ധീകരിച്ച്, നവസൃഷ്ടിയായി രൂപാന്തരപ്പെടുത്താൻ കനിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# പെസഹാ അഷ്ടദിനങ്ങളിലെ വ്യാഴം

**പ്രവേശകപ്രഭണിതം** **ജ്ഞാനം 10, 20-21**

കർത്താവേ, വിജയംവരിക്കുന്ന അങ്ങയുടെ കരത്തെ അവർ ഏകസ്വരത്തിൽ വാഴ്ത്തി; എന്തെന്നാൽ, ജ്ഞാനം മൂകരുടെ വായ തുറക്കുകയും ശിശുക്കളുടെ നാവിന് സ്ഫുടമായി സംസാരിക്കാൻ കഴിവു നല്കുകയും ചെയ്തു, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

ദൈവമേ, അങ്ങേ നാമത്തിന്റെ പ്രഖ്യാപനത്തിൽ വിവിധ ജനങ്ങളെ അങ്ങ് ഒന്നിപ്പിച്ചുവല്ലോ. അങ്ങനെ, ജ്ഞാനസ്നാനനീരുറവയാൽ നവജന്മം പ്രാപിച്ചവർ, മാനസങ്ങളുടെ വിശ്വാസത്തിലും പ്രവൃത്തികളുടെ ആദരത്തിലും ഒന്നായിത്തീരാനുള്ള അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, നവജന്മംപ്രാപിച്ചവർക്കുവേണ്ടിയും സ്വർഗീയ സഹായത്തിന്റെ വർധനയ്ക്കുവേണ്ടിയും സന്തോഷത്തോടെ ഞങ്ങളർപ്പിക്കുന്ന ബലിവസ്തുക്കൾ കരുണയോടെ സ്വീകരിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്തെ ഒന്നാം ആമുഖഗീതി

റോമൻ കാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥനയും അനുസ്മരണപ്രാർഥനയും ചൊല്ലുന്നു.

**ദിവ്യഭോജനപ്രഭണിതം** **Cf. 1പത്രോ 2, 9**

തിരഞ്ഞെടുക്കപ്പെട്ട ജനമേ, അന്ധകാരത്തിൽനിന്ന് തന്റെ അദ്ഭുതകരമായ പ്രകാശത്തിലേക്കു വിളിച്ചവന്റെ ശക്തി പ്രഘോഷിക്കുവിൻ, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർത്ഥന

കർത്താവേ, ഞങ്ങളുടെ പ്രാർഥനകൾ ശ്രവിക്കണമേ. അങ്ങനെ, ഞങ്ങളുടെ പരിത്രാണത്തിന്റെ ഈ പരമപരിശുദ്ധ വിനിമയം ഞങ്ങൾക്ക് ഇഹലോകജീവിതത്തിൽ സഹായം പ്രദാനംചെയ്യുകയും നിത്യാനന്ദത്തിന് ഞങ്ങളെ അർഹരാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

# പെസഹാ അഷ്ടദിനങ്ങളിലെ വെള്ളി

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 77,53**

കർത്താവ് തന്റെ ജനത്തെ പ്രത്യാശയിൽ നയിച്ചു; അവരുടെ വൈരികളെ കടൽ മൂടിക്കളഞ്ഞു, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, മനുഷ്യകുലവുമായുള്ള അനുരഞ്ജനത്തിന്റെ ഉടമ്പടിയായി പെസഹാരഹസ്യം അങ്ങ് നല്കിയല്ലോ. അതിന്റെ പ്രഖ്യാപനത്തിൽ ഞങ്ങൾ ആഘോഷിക്കുന്നത് ഫലത്തിലൂടെ അനുകരിക്കാൻ ഞങ്ങളുടെ മനസ്സുകൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, പെസഹാകാഴ്ചവസ്തുക്കളുടെ ഭക്ത്യാദരപൂർവകമായ വിനിമയം ഞങ്ങളിൽ കനിവാർന്ന് പൂർത്തീകരിക്കണമേ. അങ്ങനെ, ലൗകികാകർഷണങ്ങളിൽ നിന്ന് സ്വർഗീയാഭിലാഷങ്ങളിലേക്ക് ഞങ്ങൾ നയിക്കപ്പെടുമാറാകട്ടെ. കർത്താവായ...

പെസഹാകാലത്തെ ഒന്നാം ആമുഖഗീതി

റോമൻ കാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥനയും അനുസ്മരണപ്രാർഥനയും ചൊല്ലുന്നു.

**ദിവ്യഭോജനപ്രഭണിതം** **Cf. യോഹ 21, 12-13**

യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: വന്നു ഭക്ഷിക്കുവിൻ. അവൻ അപ്പമെടുത്ത് അവർക്കു കൊടുത്തു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, നിരന്തര കാരുണ്യത്താൽ വീണ്ടെടുത്തവരെ കാത്തുപാലിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ പുത്രന്റെ പീഡാസഹനത്താൽ രക്ഷിക്കപ്പെട്ടവർ, അവിടത്തെ ഉത്ഥാനത്തിൽ ആനന്ദിക്കുമാറാകട്ടെ. എന്നെന്നും ....

# പെസഹാ അഷ്ടദിനങ്ങളിലെ ശനി

**പ്രവേശകപ്രഭണിതം** **സങ്കീ 104, 43**

കർത്താവ് തന്റെ ജനത്തെ സന്തോഷത്തോടെയും തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ ഗാനാലാപത്തോടെയും നയിച്ചു, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

ദൈവമേ, അങ്ങിൽ വിശ്വസിക്കുന്ന ജനങ്ങളെ അങ്ങേ കൃപയുടെ സമൃദ്ധിയാൽ അങ്ങ് വർധിപ്പിക്കുന്നുവല്ലോ. അങ്ങേ തിരഞ്ഞെടുപ്പിനായി ഇവരെ കരുണാപൂർവം കടാക്ഷിക്കണമേ. അങ്ങനെ, ജ്ഞാനസ്നാനകൂദാശയാൽ നവജാതരായവരെ ഭാഗ്യപൂർണമായ അനശ്വരതയുടെ വസ്ത്രം അണിയാൻ ഇടയാക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ പെസഹാരഹസ്യങ്ങൾവഴി ഞങ്ങളെന്നും കൃതജ്ഞതാനിർഭരരായിരിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങളുടെ നവീകരണത്തിന്റെ നിരന്തര പ്രവർത്തനം ഞങ്ങൾക്ക് നിത്യാനന്ദത്തിന് നിദാനമായി ഭവിക്കുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ഒന്നാം ആമുഖഗീതി

റോമൻ കാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥനയും അനുസ്മരണപ്രാർഥനയും ചൊല്ലുന്നു.

**ദിവ്യഭോജനപ്രഭണിതം** **ഗലാ. 3, 27**

ക്രിസ്തുവിൽ സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ ജനത്തെ കരുണയോടെ കടാക്ഷിക്കുകയും നിത്യമായ രഹസ്യങ്ങളാൽ നവീകരിക്കാൻ അങ്ങ് തിരുമനസ്സായ അങ്ങേ ജനത്തെ, മഹത്ത്വപൂർണമായ ശരീരത്തിന്റെ അക്ഷയമായ ഉത്ഥാനത്തിലേക്ക് എത്തിച്ചേരാൻ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# പെസഹാക്കാലം രണ്ടാം ഞായർ

## അഥവാ ദൈവകരുണയുടെ ഞായർ

**പ്രവേശകപ്രഭണിതം** **1 പത്രോ 2,2**

രക്ഷയിലേക്കു വളരേണ്ടതിന്, നിങ്ങൾ പരിശുദ്ധവും ആത്മീയവുമായ പാലിനുവേണ്ടി ഇളംപൈതങ്ങളെപ്പോലെ ദാഹിക്കുവിൻ, അല്ലേലൂയാ.

അഥവാ

**4 എസ്രാ 2, 36-37**

സ്വർഗീയ രാജ്യത്തിലേക്ക് നിങ്ങളെ വിളിച്ചവനായ ദൈവത്തിന് കൃതജ്ഞത അർപ്പിച്ചുകൊണ്ട്, നിങ്ങളുടെ മഹത്ത്വത്തിന്റെ സന്തോഷം സ്വീകരിക്കുവിൻ, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

നിത്യമായ കാരുണ്യത്തിന്റെ ദൈവമേ, പെസഹാ തിരുനാളിന്റെ പുനരാഗമനത്തിൽത്തന്നെ അങ്ങേക്ക് സമർപ്പിതരായിരിക്കുന്ന ജനത്തിന്റെ വിശ്വാസം അങ്ങ് ഉജ്ജ്വലിപ്പിക്കുന്നുവല്ലോ; ഇവരിൽ അങ്ങ് ചൊരിഞ്ഞ കൃപ വർധിപ്പിക്കണമേ. അങ്ങനെ, ഏതു നീർത്തൊട്ടിയാൽ അവർ ശുദ്ധീകൃതരായെന്നും ഏതാത്മാവാൽ നവജന്മം പ്രാപിച്ചവരായെന്നും ഏതുരക്തത്താൽ രക്ഷിക്കപ്പെട്ടവരായെന്നും അർഹമായ ബുദ്ധിശക്തിവഴി എല്ലാവരും ഗ്രഹിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ ജനത്തിന്റെ (നവജന്മം പ്രാപിച്ചവരുടെയും) കാണിക്കകൾ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ നാമത്തിന്റെ പ്രഖ്യാപനത്താലും ജ്ഞാനസ്നാനത്താലും നവീകൃതരായി, അവർ നിത്യാനന്ദം പ്രാപിക്കുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ഒന്നാം ആമുഖഗീതി

റോമൻ കാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥനയും അനുസ്മരണപ്രാർഥനയും ചൊല്ലുന്നു.

### ദിവ്യഭോജനപ്രഭണിതം — Cf. യോഹ 20, 27

നിന്റെ കൈ നീട്ടുകയും ആണിപ്പഴുതുകൾ തൊട്ടറിയുകയും ചെയ്യുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക, അല്ലേലൂയാ.

### ദിവ്യഭോജനപ്രാർഥന

സർവശക്തനായ ദൈവമേ, പെസഹാരഹസ്യത്തിന്റെ സ്വീകരണം ഞങ്ങളുടെ മനസ്സുകളിൽ നിരന്തരം നിലനില്ക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

സാഘോഷ ആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്, p.

ജനങ്ങളെ പിരിച്ചുവിടുന്നതിന്, പോകുവിൻ, ദിവ്യപൂജ സമാപിച്ചു, അല്ലേലൂയാ, അല്ലേലൂയാ എന്നും പ്രത്യുത്തരമായി ദൈവത്തിനു നന്ദി, അല്ലേലൂയാ, അല്ലേലൂയാ എന്നും പാടുകയോ ചൊല്ലുകയോ ചെയ്യുന്നു.

## തിങ്കൾ

**പ്രവേശകപ്രഭണിതം** **റോമാ 6,9**

മരിച്ചവരിൽനിന്ന് ഉത്ഥാനംചെയ്ത ക്രിസ്തു ഇനിയൊരിക്കലും മരിക്കുകയില്ല, മരണത്തിന് അവന്റെമേൽ ഇനി ആധിപത്യമില്ല, അല്ലേലൂയാ.

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, പെസഹാ ഔഷധത്താൽ നവീകരിക്കപ്പെട്ട് ഐഹിക പിതൃത്വത്തിൽ നിന്നു വിടുതൽ പ്രാപിച്ച്, സ്വർഗസ്ഥനായ പിതാവിന്റെ സാദൃശ്യത്തിലേക്ക് ഞങ്ങൾ രൂപാന്തരപ്പെടാൻ അനുഗ്രഹം നല്കണമെന്ന് പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ആഹ്ലാദത്തിലാറാടുന്ന സഭയുടെ കാണിക്കകൾ സ്വീകരിക്കുകയും ഇത്രയേറെ സന്തോഷം അനുഭവിക്കാൻ അങ്ങ് ഇടയാക്കിയ സഭയ്ക്ക് നിത്യാനന്ദത്തിന്റെ ഫലം പ്രദാനംചെയ്യുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **യോഹ 20,19**

യേശു തന്റെ ശിഷ്യന്മാരുടെ മധ്യേനിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ ജനത്തെ കരുണയോടെ കടാക്ഷിക്കുകയും നിത്യമായ രഹസ്യങ്ങളാൽ നവീകരിക്കപ്പെടാൻ അങ്ങ് തിരുമനസ്സായ ഇവരെ മഹത്ത്വപൂർണമായ ശരീരത്തിന്റെ അക്ഷയമായ ഉത്ഥാനത്തിലേക്ക് എത്തിച്ചേരാൻ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## ചൊവ്വ

**പ്രവേശനപ്രഭണിതം** **വെളി 19,7.6**

നമുക്ക് ആനന്ദിക്കാം, ആഹ്ലാദിച്ച് ആർപ്പുവിളിക്കാം. ദൈവത്തിന് മഹത്ത്വം നല്കാം. എന്തെന്നാൽ, സർവശക്തനും നമ്മുടെ കർത്താവുമായ ദൈവം വാഴുന്നു. അല്ലേലൂയാ.

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, ഉത്ഥിതനായ കർത്താവിന്റെ ശക്തി പ്രഖ്യാപിക്കാൻ ഞങ്ങൾക്കിടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അവിടത്തെ അനുഗ്രഹത്തിന്റെ വാഗ്ദാനം സ്വീകരിച്ച ഞങ്ങൾ ദൃശ്യമായ ദാനങ്ങൾ ഗ്രഹിക്കാൻ പ്രാപ്തരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ പെസഹാരഹസ്യങ്ങൾവഴി ഞങ്ങളെന്നും കൃതജ്ഞതാനിർഭരരായിരിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങളുടെ നവീകരണത്തിന്റെ നിരന്തര പ്രവർത്തനം ഞങ്ങൾക്ക് നിത്യാനന്ദത്തിന് നിദാനമായി ഭവിക്കുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **Cf. ലൂക്കാ 24,46.26**

ക്രിസ്തു സഹിക്കുകയും മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുകയും അങ്ങനെ തന്റെ മഹത്ത്വത്തിലേക്ക് പ്രവേശിക്കുകയും ചെയ്യേണ്ടിയിരുന്നു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങളുടെ പ്രാർഥനകൾ ശ്രവിക്കണമേ. അങ്ങനെ, ഞങ്ങളുടെ പരിത്രാണത്തിന്റെ ഈ പരമപരിശുദ്ധ വിനിമയം ഞങ്ങൾക്ക് ഇഹലോക ജീവിതത്തിൽ സഹായം പ്രദാനംചെയ്യുകയും നിത്യാനന്ദത്തിന് ഞങ്ങളെ അർഹരാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

# ബുധൻ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 17,50;21,23**

കർത്താവേ, ജനതകളുടെ മധ്യേ ഞാനങ്ങയെ ഏറ്റുപറയുകയും അങ്ങേ നാമം എന്റെ സഹോദരരോട് പ്രഘോഷിക്കുകയും ചെയ്യും, അല്ലേലൂയാ.

**സമിതിപ്രാർഥന**

കർത്താവേ, ആണ്ടുതോറുമുള്ള രഹസ്യങ്ങൾ അനുസ്മരിച്ചുകൊണ്ട് അങ്ങേ കാരുണ്യത്തിനായി ഞങ്ങൾ കേണപേക്ഷിക്കുന്നു. ഈ രഹസ്യങ്ങൾ വഴിയാണല്ലോ നവീകരിക്കപ്പെട്ട ആദിമഹത്ത്വത്തിലൂടെ മനുഷ്യപ്രകൃതി ഉത്ഥാനത്തിന്റെ പ്രത്യാശ കൈവരിച്ചത്. അങ്ങനെ, വിശ്വാസത്താൽ ഞങ്ങൾ ആഘോഷിക്കുന്നത് നിത്യമായ സ്നേഹത്താൽ ഞങ്ങൾ സ്വീകരിക്കുമാറാകട്ടെ. അങ്ങയോടുകൂടെ....

**നൈവേദ്യപ്രാർഥന**

ദൈവമേ, ഈ ബലിയുടെ ഭക്ത്യാദരങ്ങളോടെയുള്ള വിനിമയത്താൽ ഏകപരമോന്നത ദൈവപ്രകൃതിയിൽ ഞങ്ങളെ പങ്കുകാരാക്കാൻ അങ്ങ് ഇടയാക്കിയല്ലോ. അങ്ങനെ, അങ്ങേ സത്യം ഞങ്ങളറിയുന്നപോലെതന്നെ, അനുയുക്തമായ ജീവിത ശൈലിയിലൂടെ അത് ഞങ്ങൾ പ്രാപിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **Cf. യോഹ 15,16.19**

കർത്താവ് അരുൾചെയ്യുന്നു: ഞാൻ നിങ്ങളെ ലോകത്തിൽനിന്ന് തിരഞ്ഞെടുത്തു. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനില്ക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, കാരുണ്യപൂർവം അങ്ങേ ജനത്തോടുകൂടെയായിരിക്കണമെന്നും സ്വർഗീയ രഹസ്യങ്ങളാൽ അങ്ങ് പ്രചോദിപ്പിച്ച അവരെ പഴയ ജീവിതശൈലിയിൽനിന്ന് നവജീവിതത്തിലേക്കു കടന്നുവരാൻ അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ....

## വ്യാഴം

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 67,8-9.20**

ദൈവമേ, അങ്ങ് അങ്ങേ ജനത്തിന്റെ മുമ്പിൽ നീങ്ങിയപ്പോൾ, അവർക്കു വഴികാണിക്കുകയും അവരോടൊത്തു വസിക്കുകയും ചെയ്തപ്പോൾ ഭൂമി കുലുങ്ങുകയും ആകാശം മഴചൊരിയുകയും ചെയ്തു, അല്ലേലൂയാ.

**സമിതിപ്രാർഥന**

ദൈവമേ, ലോകരക്ഷയ്ക്കുവേണ്ടി പെസഹാരഹസ്യം അങ്ങ് നിവർത്തിച്ചുവല്ലോ. അങ്ങേ ജനത്തിന്റെ അപേക്ഷകളിൽ സംപ്രീതനാകണമേ. അങ്ങനെ, ഞങ്ങളുടെ പ്രധാനപുരോഹിതനായ ക്രിസ്തു ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിച്ചുകൊണ്ട്, ഞങ്ങളോടുള്ള അവിടത്തെ സാദൃശ്യം വഴി ഞങ്ങളെ രമ്യതപ്പെടുത്തുകയും അങ്ങയോടുള്ള സമാനതയാൽ ഞങ്ങളെ പാപരഹിതരാക്കുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ബലിവസ്തുക്കളുടെ സമർപ്പണത്തോടൊപ്പം ഞങ്ങളുടെ പ്രാർഥനകളും അങ്ങേപ്പക്കലേക്ക് ഉയരട്ടെ. അങ്ങനെ, അങ്ങേ മഹാമനസകതയാൽ ശുദ്ധീകരിക്കപ്പെട്ട്, അങ്ങേ മഹാകാരുണ്യത്തിന്റെ രഹസ്യങ്ങൾക്ക് ഞങ്ങൾ യോഗ്യരായി ഭവിക്കുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **മത്താ 28,20**

ഇതാ, യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, ക്രിസ്തുവിന്റെ ഉത്ഥാനത്താൽ അങ്ങ് ഞങ്ങളെ നിത്യജീവനിലേക്ക് പുനരാനയിക്കുന്നുവല്ലോ. പെസഹാരഹസ്യത്തിന്റെ ഫലങ്ങൾ ഞങ്ങളിൽ വർധമാനമാക്കുകയും ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് രക്ഷാകരമായ ഭോജ്യത്തിന്റെ ശക്തി ചൊരിയുകയും ചെയ്യണമേ. കർത്താവായ...

# വെള്ളി

**പ്രവേശകപ്രഭണിതം** **വെളി 5, 9-10**

കർത്താവേ, നിന്റെ രക്തംകൊണ്ട് എല്ലാ ഗോത്രത്തിലും ഭാഷയിലും ജനതകളിലും രാജ്യങ്ങളിലുംനിന്ന് ഞങ്ങളെ രക്ഷിക്കുകയും നമ്മുടെ ദൈവത്തിനായി ഞങ്ങളെ ഒരു രാജ്യവും പുരോഹിത രുമാക്കിത്തീർക്കുകയും ചെയ്തു, അല്ലേലൂയാ.

**സമിതിപ്രാർഥന**

നിഷ്കളങ്കമാനസങ്ങളുടെ പ്രത്യാശയും പ്രകാശവുമായ ദൈവമേ, അനുയുക്തമായ പ്രാർഥന അങ്ങേക്കു സമർപ്പിക്കാനും പ്രഘോഷണ വരദാനത്താൽ അങ്ങയെ എന്നും വാഴ്ത്തിപ്പുകഴ്ത്താനും ഞങ്ങളുടെ ഹൃദയങ്ങൾക്ക് അനുഗ്രഹം നല്കണമെന്ന് അങ്ങയോടു ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ കുടുംബത്തിന്റെ കാണിക്കകൾ കാരുണ്യപൂർവം സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ സംരക്ഷണത്തിന്റെ സഹായത്താൽ സ്വീകരിച്ചവ അവർ നഷ്ടപ്പെടുത്താതിരിക്കാനും നിത്യമായ ദാനങ്ങളിലേക്ക് എത്തിച്ചേരാനും ഇടയാകുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **റോമാ 4,25**

നമ്മുടെ കർത്താവായ ക്രിസ്തു നമ്മുടെ പാപങ്ങളുടെ മോചനത്തിനായി മരണത്തിന് ഏല്പിക്കപ്പെടുകയും നമ്മുടെ നീതിമത്കരണത്തിനായി ഉയിർപ്പിക്കപ്പെടുകയും ചെയ്തു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, നിരന്തര കാരുണ്യത്താൽ വീണ്ടെടുത്തവരെ കാത്തുപാലിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ പുത്രന്റെ പീഡാസഹനത്താൽ രക്ഷിക്കപ്പെട്ടവർ അവിടത്തെ ഉത്ഥാനത്തിൽ ആനന്ദിക്കുമാറാകട്ടെ. എന്നെന്നും ...

## ശനി

**പ്രവേശകപ്രഭണിതം** **1 പത്രോ 2,9**

തിരഞ്ഞെടുക്കപ്പെട്ട ജനമേ, അന്ധകാരത്തിൽ നിന്ന് തന്റെ അദ്ഭുതകരമായ പ്രകാശത്തിലേക്കു വിളിച്ചവന്റെ ശക്തി പ്രഘോഷിക്കുവിൻ, അല്ലേലൂയാ.

**സമിതിപ്രാർഥന**

കർത്താവേ, അങ്ങേ പുത്രനായ ക്രിസ്തുവിന്റെ ഉത്ഥാനംവഴി, ഞങ്ങളിൽ നിന്ന് പെസഹാരഹസ്യത്താൽ അങ്ങ് ദൂരീകരിച്ച പാപത്തിന്റെ നിയമത്താൽ എഴുതപ്പെട്ട ലിഖിതം നീക്കം ചെയ്യണമേ. അങ്ങയോടുകൂടെ...

അഥവാ

ദൈവമേ, പെസഹാരഹസ്യങ്ങളാൽ കാരുണ്യത്തിന്റെ വാതിൽ അങ്ങേ വിശ്വാസികൾക്കായി തുറന്നുകൊടുക്കാൻ അങ്ങ് തിരുമനസ്സായല്ലോ. ഞങ്ങളെ കടാക്ഷിക്കുകയും ഞങ്ങളിൽ കനിയുകയും ചെയ്യണമേ. അങ്ങനെ, അങ്ങേ സഹായത്താൽ അങ്ങേ തിരുവിഷ്ടപ്രകാരം ഞങ്ങൾ മുന്നേറുകയും ജീവന്റെ വഴിയിൽ നിന്ന് ഒരിക്കലും വ്യതിചലിക്കാതിരിക്കുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ കാണിക്കകൾ ദയാപൂർവം വിശുദ്ധീകരിക്കുകയും ആത്മീയബലിയുടെ അർപ്പണം സ്വീകരിച്ച്, ഞങ്ങൾ ഞങ്ങളെത്തന്നെ അങ്ങേക്ക് നിത്യമായ കാണിക്കയാക്കിത്തീർക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **യോഹ 17,24**

പിതാവേ, അങ്ങ് എനിക്കു നല്കിയവർ, ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടെ ആയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ, അങ്ങ് എനിക്കു നല്കിയ മഹത്ത്വം അവർ കാണട്ടെ, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, താഴ്മയോടെ അപേക്ഷിച്ചുകൊണ്ട്, ദിവ്യരഹസ്യത്തിന്റെ ദാനങ്ങൾ ഞങ്ങൾ സ്വീകരിച്ചുവല്ലോ. അങ്ങനെ, അങ്ങേ പുത്രൻ തന്റെ അനുസ്മരണത്തിനായി ഞങ്ങളോട് കല്പിച്ചതനുസരിച്ചുള്ള ഈ ദാനങ്ങൾ ഞങ്ങളുടെ സ്നേഹത്തിന്റെ വർധനവിലേക്ക് ഞങ്ങളെ നയിക്കുമാറാകട്ടെ. കർത്താവായ...

## പെസഹാക്കാലം മൂന്നാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 65,1-2**

സമസ്ത ഭൂവാസികളേ, ദൈവത്തിന് ആർപ്പുവിളിക്കുവിൻ, അവിടത്തെ നാമം പ്രകീർത്തിക്കുവിൻ, സ്തുതികളാൽ അവിടത്തെ മഹത്ത്വപ്പെടുത്തുവിൻ, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

ദൈവമേ, നവീകരണത്തിലൂടെ മാനസികയുവത്വം പ്രാപിച്ച അങ്ങേ ജനം എപ്പോഴും ആനന്ദിച്ചുല്ലസിക്കട്ടെ. അങ്ങനെ, ദത്തെടുപ്പിന്റെ മഹത്ത്വം പുനഃരുദ്ധരിക്കപ്പെട്ട തങ്ങളിൽ ഇപ്പോൾ ആസ്വദിക്കുന്ന ഇവർ, ഉറച്ച പ്രത്യാശയോടെ ഉത്ഥാന ദിനം കൃതജ്ഞതാനിർഭരരായി പ്രതീക്ഷിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു

**നൈവേദ്യപ്രാർഥന**

കർത്താവേ, ആഹ്ലാദത്തിലാറാടുന്ന സഭയുടെ കാണിക്കകൾ സ്വീകരിക്കുകയും ഇത്രയേറെ സന്തോഷം അനുഭവിക്കാൻ അങ്ങ് ഇടയാക്കിയ സഭക്ക് നിത്യാനന്ദത്തിന്റെഫലം പ്രദാനംചെയ്യുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 24,35**

കർത്താവായ യേശുവിനെ അപ്പം മുറിക്കലിൽ ശിഷ്യന്മാർ തിരിച്ചറിഞ്ഞു, അല്ലേലൂയാ.

**ബി വർഷത്തിൽ ഐച്ഛികമായി** **ലൂക്കാ 24,46-47**

ക്രിസ്തു സഹിക്കുകയും മൂന്നാം ദിവസം മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യേണ്ടിയിരുന്നു. അവിടത്തെ നാമത്തിൽ അനുതാപവും പാപമോചനവും എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു, അല്ലേലൂയാ.

**സി വർഷത്തിൽ** **Cf. യോഹ 21,12-13**

യേശു തന്റെ ശിഷ്യന്മാരോട് അരുൾചെയ്തു: വരുവിൻ, പ്രാതൽ കഴിക്കുവിൻ. അവൻ അപ്പമെടുക്കുകയും അവർക്കു കൊടുക്കുകയും ചെയ്തു, അല്ലേലൂയാ.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ ജനത്തെ കരുണയോടെ കടാക്ഷിക്കുകയും നിത്യമായ രഹസ്യങ്ങളാൽ നവീകരിക്കപ്പെടാൻ അങ്ങ് തിരുമനസ്സായ ഇവരെ മഹത്ത്വപൂർണമായ ശരീരത്തിന്റെ അക്ഷയമായ ഉത്ഥാനത്തിലേക്ക് എത്തിച്ചേരാൻ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## തിങ്കള്‍

### പ്രവേശകപ്രഭണിതം

തന്റെ ആടുകള്‍ക്കുവേണ്ടി സ്വജീവനര്‍പ്പിക്കുകയും അജഗണത്തിനുവേണ്ടി മരിക്കാന്‍ തിരുമനസ്സാവുകയും ചെയ്ത നല്ലിടയന്‍ ഉത്ഥാനം ചെയ്തിരിക്കുന്നു, അല്ലേലൂയാ.

### സമിതിപ്രാര്‍ഥന

സര്‍വശക്തനായ ദൈവമേ, പഴയ മനുഷ്യനെ അവന്റെ എല്ലാ വ്യാപാരങ്ങളോടുമൊപ്പം വിട്ടുപേക്ഷിച്ച്, പെസഹാ ഔഷധത്താല്‍ അവിടത്തെ പ്രകൃതിയിലേക്ക് അനുരൂപരാക്കി, അവിടത്തെ സംസര്‍ഗത്തില്‍ ജീവിക്കാന്‍ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാര്‍ഥന

കര്‍ത്താവേ, ബലിവസ്തുക്കളുടെ സമര്‍പ്പണത്തോടൊപ്പം ഞങ്ങളുടെ പ്രാര്‍ഥനകളും അങ്ങേപ്പക്കലേക്ക് ഉയരട്ടെ. അങ്ങനെ, അങ്ങേ മഹാമനസ്കതയാല്‍ ശുദ്ധീകരിക്കപ്പെട്ട്, അങ്ങേ മഹാ കാരുണ്യത്തിന്റെ രഹസ്യങ്ങള്‍ക്ക് ഞങ്ങള്‍ യോഗ്യരായി ഭവിക്കുമാറാകട്ടെ. കര്‍ത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

### ദിവ്യഭോജനപ്രഭണിതം — യോഹ 14,27

കര്‍ത്താവ് അരുള്‍ചെയ്യുന്നു: ഞാന്‍ സമാധാനം നിങ്ങളെ ഏല്പിച്ചിട്ടു പോകുന്നു, എന്റെ സമാധാനം നിങ്ങള്‍ക്കു ഞാന്‍ നല്കുന്നു. ലോകം നല്കുന്നതുപോലെയല്ല ഞാന്‍ നല്കുന്നത്, അല്ലേലൂയാ.

### ദിവ്യഭോജനപ്രാര്‍ഥന

സര്‍വ്വവശക്തനും നിത്യനുമായ ദൈവമേ, ക്രിസ്തുവിന്റെ ഉത്ഥാനത്താല്‍ നിത്യജീവനിലേക്ക് ഞങ്ങളെ അങ്ങ് പുനരുദ്ധരിക്കുന്നുവല്ലോ. പെസഹാരഹസ്യത്തിന്റെ ഫലങ്ങള്‍ ഞങ്ങളില്‍ വര്‍ധമാനമാക്കുകയും ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് രക്ഷാകരമായ ഭോജ്യത്തിന്റെ ശക്തി ചൊരിയുകയും ചെയ്യണമേ. കര്‍ത്താവായ...

## ചൊവ്വ

**പ്രവേശകപ്രഭണിതം** **വെളി 19,5;12,10**

ദൈവത്തെ ഭയപ്പെടുന്നവരും ചെറിയവരും വലിയവരുമായ നിങ്ങളെല്ലാവരും നമ്മുടെ ദൈവത്തെ സ്തുതിക്കുവിൻ. എന്തെന്നാൽ, രക്ഷയും ശക്തിയും അവിടത്തെ ക്രിസ്തുവിന്റെ അധികാരവും ആഗതമായിരിക്കുന്നു, അല്ലേലൂയാ.

**സമിതിപ്രാർഥന**

ദൈവമേ, ജലത്താലും പരിശുദ്ധാത്മാവാലും നവജന്മം പ്രാപിച്ചവർക്ക് സ്വർഗരാജ്യത്തിന്റെ വാതിൽ തുറന്നുകൊടുക്കുന്നുവല്ലോ. അങ്ങേ ദാസരുടെമേൽ അങ്ങു ചൊരിഞ്ഞ കൃപ വർധമാനമാക്കണമേ. അങ്ങനെ എല്ലാ പാപങ്ങളിലും നിന്നു ശുദ്ധീകരിക്കപ്പെട്ട്, അങ്ങേ കാരുണ്യത്താൽ വാഗ്ദാനം ചെയ്യപ്പെട്ടതൊന്നും അവർക്ക് കുറവു വരാതിരിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ആഹ്ലാദത്തിലാറാടുന്ന സഭയുടെ കാണിക്കകൾ സ്വീകരിക്കുകയും ഇത്രയേറെ സന്തോഷം അനുഭവിക്കാൻ അങ്ങ് ഇടയാക്കിയ സഭയ്ക്ക് നിത്യാനന്ദത്തിന്റെ ഫലം പ്രദാനംചെയ്യുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **റോമാ 6,8**

നാം ക്രിസ്തുവിനോടുകൂടെ മരിച്ചെങ്കിൽ ക്രിസ്തുവിനോടുകൂടെ ജീവിക്കും എന്ന് നാം വിശ്വസിക്കുന്നു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ ജനത്തെ കരുണയോടെ കടാക്ഷിക്കുകയും നിത്യമായ രഹസ്യങ്ങളാൽ നവീകരിക്കപ്പെടാൻ അങ്ങ് തിരുമനസ്സായ ഇവരെ മഹത്ത്വപൂർണമായ ശരീരത്തിന്റെ അക്ഷയമായ ഉത്ഥാനത്തിലേക്ക് എത്തിച്ചേരാൻ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# ബുധൻ

**പ്രവേശകപ്രഭണിതം** **Cf.സങ്കീ 70,8.23**

ഞാൻ ആനന്ദഗാനമാലപിക്കാൻ, അങ്ങേ സ്തുതികൾ കൊണ്ട് എന്റെ നാവ് നിറയ്ക്കണമേ; ഞാനങ്ങയെ പ്രകീർത്തിക്കുമ്പോൾ, എന്റെ അധരങ്ങൾ ആനന്ദംകൊണ്ട് ആർപ്പുവിളിക്കും, അല്ലേലൂയാ.

**സമിതിപ്രാർഥന**

കർത്താവേ, അങ്ങേ കുടുംബത്തോടുകൂടെയായിരിക്കുകയും കാരുണ്യപൂർവം അവരെ സുരക്ഷിതരാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, വിശ്വാസത്തിന്റെ കൃപ നല്കിയ അവർക്ക്, അങ്ങേ ഏകജാതന്റെ ഉത്ഥാനത്തിൽ നിത്യമായ ഭാഗഭാഗിത്വം നല്കുമാറാകണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ പെസഹാരഹസ്യങ്ങൾവഴി ഞങ്ങളെന്നും കൃതജ്ഞതാനിർഭരരായിരിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങളുടെ നവീകരണത്തിന്റെ നിരന്തരപ്രവർത്തനം ഞങ്ങൾക്ക് നിത്യാനന്ദത്തിന് നിദാനമായി ഭവിക്കുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം**

കർത്താവ് ഉത്ഥാനം ചെയ്യുകയും തന്റെ രക്തത്താൽ വീണ്ടെടുത്ത നമ്മെ പ്രകാശിപ്പിക്കുകയും ചെയ്തു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങളുടെ പ്രാർഥനകൾ ശ്രവിക്കണമേ. അങ്ങനെ, ഞങ്ങളുടെ പരിത്രാണത്തിന്റെ ഈ പരമപരിശുദ്ധ വിനിമയം ഞങ്ങൾക്ക് ഇഹലോക ജീവിതത്തിൽ സഹായം പ്രദാനംചെയ്യുകയും നിത്യാനന്ദത്തിന് ഞങ്ങളെ അർഹരാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## വ്യാഴം

**പ്രവേശകപ്രഭണിതം** **Cf. പുറ 15,1-2**

കർത്താവിനെ നമുക്ക് പാടിസ്തുതിക്കാം. എന്തെന്നാൽ, അവിടന്ന് മഹത്ത്വപൂർണമായ വിജയം വരിച്ചിരിക്കുന്നു. കർത്താവ് എന്റെ ശക്തിയും മഹത്ത്വവുമാകുന്നു. അവിടന്ന് എനിക്ക് രക്ഷയായി ഭവിച്ചിരിക്കുന്നു, അല്ലേലൂയാ.

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, ഈ ദിനങ്ങളിൽ അങ്ങേ കാരുണ്യം കൂടുതൽ തീവ്രമായി ഞങ്ങൾക്ക് അനുഭവവേദ്യമാകുമാറാകട്ടെ. അതുവഴി അങ്ങേ മഹാമനസ്കതയാൽ അത് കൂടുതൽ നിറവോടെ ഞങ്ങൾ അറിഞ്ഞുവല്ലോ. അങ്ങനെ, പാപാന്ധകാരത്തിൽനിന്ന് വിമുക്തരായി, അങ്ങേ സത്യത്തിന്റെ പ്രബോധനത്തിൽ കൂടുതൽ ദൃഢമായി ഉറച്ചുനില്ക്കാൻ ഇടയാക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

ദൈവമേ, ഈ ബലിയുടെ ഭക്ത്യാദരങ്ങളോടെയുള്ള വിനിമയത്താൽ ഏകപരമോന്നത ദൈവപ്രകൃതിയിൽ ഞങ്ങളെ പങ്കുകാരാക്കാൻ അങ്ങ് ഇടയാക്കിയല്ലോ. അങ്ങനെ, അങ്ങേ സത്യം ഞങ്ങളറിയുന്നപോലെതന്നെ, അനുയുക്തമായ ജീവിത ശൈലിയിലൂടെ അത് ഞങ്ങൾ പ്രാപിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **2 കോറി 5,15**

ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ, തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് ക്രിസ്തു എല്ലാവർക്കുംവേണ്ടി മരിച്ചത്, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, കാരുണ്യപൂർവം അങ്ങേ ജനത്തോടുകൂടെയായിരിക്കണമെന്നും സ്വർഗീയ രഹസ്യങ്ങളാൽ അങ്ങ് പ്രചോദിപ്പിച്ച അവർക്ക് പഴയ ജീവിതശൈലിയിൽ നിന്ന് നവജീവിതത്തിലേക്ക് കടന്നുവരാൻ അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ....

# വെള്ളി

**പ്രവേശകപ്രഭണിതം** **വെളി 5,12**

കൊല്ലപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ആധിപത്യവും ബഹുമാനവും മഹത്ത്വവും സ്വീകരിക്കാൻ യോഗ്യനാണ്, അല്ലേലൂയാ.

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, ഉയിർപ്പുഞായറിന്റെ കൃപ അറിഞ്ഞ ഞങ്ങൾതന്നെ, പരിശുദ്ധാത്മാവിന്റെ സ്നേഹത്തിലൂടെ നവജീവനിലേക്ക് ഉയിർത്തെഴുന്നേല്ക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ കാണിക്കകൾ ദയാപൂർവം വിശുദ്ധീകരിക്കുകയും ആത്മീയബലിയുടെ അർപ്പണം സ്വീകരിച്ച്, ഞങ്ങൾ ഞങ്ങളെത്തന്നെ അങ്ങേക്ക് നിത്യമായ കാണിക്കയാക്കിത്തീർക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം**

ക്രൂശിതൻ, മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്യുകയും നമ്മെ രക്ഷിക്കുകയും ചെയ്തു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, താഴ്മയോടെ അപേക്ഷിച്ചുകൊണ്ട് ദിവ്യരഹസ്യത്തിന്റെ ദാനങ്ങൾ ഞങ്ങൾ സ്വീകരിച്ചുവല്ലോ. അങ്ങനെ, അങ്ങേ പുത്രൻ തന്റെ അനുസ്മരണത്തിനായി ഞങ്ങളോട് കല്പിച്ചതനുസരിച്ചുള്ള ഈ ദാനങ്ങൾ ഞങ്ങളുടെ സ്നേഹത്തിന്റെ വർധനവിലേക്ക് ഞങ്ങളെ നയിക്കുമാറാകട്ടെ. കർത്താവായ...

# ശനി

**പ്രവേശനപ്രഭണിതം** **കൊളോ 2,12**

ജ്ഞാനസ്നാനംവഴി നിങ്ങൾ ക്രിസ്തുവിനോടൊപ്പം സംസ്കരിക്കപ്പെട്ടു; മരിച്ചവരിൽ നിന്ന് അവനെ ഉയിർപ്പിച്ച ദൈവത്തിന്റെ പ്രവർത്തനത്തിലുള്ള വിശ്വാസം നിമിത്തം നിങ്ങൾ അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു, അല്ലേലൂയാ.

**സമിതിപ്രാർഥന**

ദൈവമേ, അങ്ങിൽ വിശ്വസിച്ചവരെ ജ്ഞാനസ്നാനത്തിന്റെ നീരുറവയാൽ അങ്ങ് നവീകൃതരാക്കിയല്ലോ. ക്രിസ്തുവിൽ നവജന്മം പ്രാപിച്ച ഇവർക്ക് ഈ സംരക്ഷണം നല്കണമേ. അങ്ങനെ, എല്ലാ പാപങ്ങളുടെയും പ്രവണതകൾ പരാജയപ്പെടുത്തി, അങ്ങേ അനുഗ്രഹത്തിന്റെ കൃപ വിശ്വസ്തതയോടെ അവർ കാത്തുസൂക്ഷിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ കുടുംബത്തിന്റെ കാണിക്കകൾ കാരുണ്യപൂർവം സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ സംരക്ഷണത്തിന്റെ സഹായത്താൽ സ്വീകരിച്ചവ അവർ നഷ്ടപ്പെടുത്താതിരിക്കാനും നിത്യമായ ദാനങ്ങളിലേക്ക് എത്തിച്ചേരാനും ഇടയാകുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **യോഹ17,20-21**

കർത്താവ് അരുൾചെയ്യുന്നു: പിതാവേ, അവർ നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർഥിക്കുന്നു, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർത്ഥന

കർത്താവേ, നിരന്തര കാരുണ്യത്താൽ വീണ്ടെടുത്തവരെ കാത്തുപാലിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ പുത്രന്റെ പീഡാസഹനത്താൽ രക്ഷിക്കപ്പെട്ടവർ അവിടത്തെ ഉത്ഥാനത്തിൽ ആനന്ദിക്കുമാറാകട്ടെ. എന്നെന്നും ...

# പെസഹാക്കാലം നാലാം ഞായർ

**പ്രവേശകപ്രഭണിതം** Cf. സങ്കീ 32,5-6

കർത്താവിന്റെ കാരുണ്യംകൊണ്ട് ഭൂമി നിറഞ്ഞിരിക്കുന്നു. കർത്താവിന്റെ വചനത്താൽ ആകാശം നിർമിക്കപ്പെട്ടു, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, സ്വർഗീയ സന്തോഷത്തിന്റെ പങ്കാളിത്തത്തിലേക്ക് ഞങ്ങളെ നയിക്കണമേ. അങ്ങനെ, ശക്തനായ ഇടയൻ മുമ്പേപോയിടത്ത് എളിയ അജഗണവും എത്തിച്ചേരുമാറാകട്ടെ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ പെസഹാരഹസ്യങ്ങൾ വഴി ഞങ്ങളെന്നും കൃതജ്ഞതാനിർഭരരായിരിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങളുടെ നവീകരണത്തിന്റെ നിരന്തര പ്രവർത്തനം ഞങ്ങൾക്ക് നിത്യാനന്ദത്തിന് നിദാനമായി ഭവിക്കുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം**

തന്റെ ആടുകൾക്കുവേണ്ടി സ്വജീവനർപ്പിക്കുകയും അജഗണത്തിനുവേണ്ടി മരിക്കാൻ തിരുമനസ്സാകുകയും ചെയ്ത നല്ലിടയൻ ഉയിർത്തെഴുന്നേറ്റു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

നല്ലിടയാ, അങ്ങേ അജഗണത്തെ കരുണയോടെ കടാക്ഷിക്കുകയും അങ്ങേ പുത്രന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുത്ത അജഗണത്തെ നിത്യമായ മേച്ചിൽസ്ഥലങ്ങളിലേക്ക് ഒരുമിച്ചുകൂട്ടാൻ തിരുവുള്ളമാവുകയും ചെയ്യണമേ. കർത്താവായ...

സാഘോഷ ആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്. p.

## തിങ്കൾ

**പ്രവേശകപ്രഭണിതം** **റോമാ 6, 9**

മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്ത ക്രിസ്തു ഇനിയൊരിക്കലും മരിക്കുകയില്ല, മരണത്തിന് അവന്റെമേൽ ഇനി അധികാരമില്ല, അല്ലേലൂയാ.

**സമിതിപ്രാർഥന**

ഭാഗ്യപ്പെട്ടവരുടെ പരിപൂർണ പ്രകാശമായ ദൈവമേ, ഭൂമിയിൽ പെസഹാ രഹസ്യം ആഘോഷിക്കാൻ അങ്ങ് ഞങ്ങളെ അനുഗ്രഹിച്ചുവല്ലോ. അങ്ങേ കൃപയുടെ പൂർണതയിൽ നിത്യമായി സന്തോഷിക്കാൻ ഞങ്ങളെ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ആഹ്ലാദത്തിലാറാടുന്ന സഭയുടെ കാണിക്കകൾ സ്വീകരിക്കുകയും ഇത്രയേറെ സന്തോഷം അനുഭവിക്കാൻ അങ്ങ് ഇടയാക്കിയ സഭക്ക് നിത്യാനന്ദത്തിന്റെ ഫലം പ്രദാനംചെയ്യുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **യോഹ 20,19**

യേശു തന്റെ ശിഷ്യന്മാരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ ജനത്തെ കരുണയോടെ കടാക്ഷിക്കുകയും നിത്യമായ രഹസ്യങ്ങളാൽ നവീകരിക്കപ്പെടാൻ അങ്ങ് തിരുമനസ്സായ ഇവരെ മഹത്ത്വപൂർണമായ ശരീരത്തിന്റെ അക്ഷയമായ ഉത്ഥാനത്തിലേക്ക് എത്തിച്ചേരാൻ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## ചൊവ്വ

**പ്രവേശകപ്രഭണിതം** **വെളി 19,7.6**

നമുക്ക് ആനന്ദിക്കാം, ആഹ്ലാദിച്ച് ആർപ്പുവിളിക്കാം. ദൈവത്തിന് മഹത്ത്വം നല്കാം. എന്തെന്നാൽ, സർവശക്തനും നമ്മുടെ കർത്താവുമായ ദൈവം വാഴുന്നു, അല്ലേലൂയാ.

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, ഉയിർപ്പുഞായറിന്റെ രഹസ്യങ്ങൾ ആഘോഷിക്കുന്ന ഞങ്ങളെ ഞങ്ങളുടെ വീണ്ടെടുപ്പിന്റെ ആനന്ദം അനുഭവിക്കാൻ അർഹരാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ പെസഹാരഹസ്യങ്ങൾവഴി ഞങ്ങളെന്നും കൃതജ്ഞതാനിർഭരരായിരിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങളുടെ നവീകരണത്തിന്റെ നിരന്തര പ്രവർത്തനം ഞങ്ങൾക്ക് നിത്യാനന്ദത്തിന് നിദാനമായി ഭവിക്കുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **Cf.ലൂക്കാ 24,46.26**

ക്രിസ്തു സഹിക്കുകയും മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുകയും അങ്ങനെ തന്റെ മഹത്ത്വത്തിലേക്ക് പ്രവേശിക്കുകയും ചെയ്യേണ്ടിയിരുന്നു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങളുടെ പ്രാർഥനകൾ ശ്രവിക്കണമേ. അങ്ങനെ, ഞങ്ങളുടെ പരിത്രാണത്തിന്റെ ഈ പരമപരിശുദ്ധ വിനിമയം ഞങ്ങൾക്ക് ഇഹലോക ജീവിതത്തിൽ സഹായം പ്രദാനംചെയ്യുകയും നിത്യാനന്ദത്തിന് ഞങ്ങളെ അർഹരാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ബുധൻ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 17, 50;21,23**

കർത്താവേ, ജനതകളുടെമധ്യേ ഞാനങ്ങയെ ഏറ്റുപറയുകയും അങ്ങേ നാമം എന്റെ സഹോദരരോട് പ്രഘോഷിക്കുകയും ചെയ്യും, അല്ലേലൂയാ.

**സമിതിപ്രാർഥന**

വിശ്വാസികളുടെ ജീവനും എളിയവരുടെ മഹത്ത്വവും നീതിമാന്മാരുടെ സൗഭാഗ്യവുമായ ദൈവമേ, കേണപേക്ഷിക്കുന്നവരുടെ യാചനകൾ കരുണയോടെ ശ്രവിക്കണമേ. അങ്ങനെ, അങ്ങേ ഔദാര്യത്തിന്റെ വാഗ്ദാനങ്ങൾക്കായി ദാഹിക്കുന്നവർ അങ്ങേ സമൃദ്ധിയിൽ നിന്ന് സദാ സംതൃപ്തരാകാൻ ഇടയാകുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

ദൈവമേ, ഈ ബലിയുടെ ഭക്ത്യാദരങ്ങളോടെയുള്ള വിനിമയത്താൽ ഏകപരമോന്നത ദൈവപ്രകൃതിയിൽ ഞങ്ങളെ പങ്കുകാരാക്കാൻ അങ്ങ് ഇടയാക്കിയല്ലോ. അങ്ങനെ, അങ്ങേ സത്യം ഞങ്ങളറിയുന്നപോലെതന്നെ, അനുയുക്തമായ ജീവിത ശൈലിയിലൂടെ അത് ഞങ്ങൾ പ്രാപിക്കുകയും ചെയ്യുമാറാക്കട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **Cf. യോഹ 15,16.19**

കർത്താവ് അരുൾചെയ്യുന്നു: ഞാൻ നിങ്ങളെ ലോകത്തിൽ നിന്ന് തിരഞ്ഞെടുത്തു. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനില്ക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, കാരുണ്യപൂർവം അങ്ങേ ജനത്തോടുകൂടെയായിരിക്കണമെന്നും സ്വർഗീയ രഹസ്യങ്ങളാൽ അങ്ങ് പ്രചോദിപ്പിച്ച അവരെ പഴയ ജീവിതശൈലിയിൽനിന്ന് നവജീവിതത്തിലേക്ക് കടന്നുവരാൻ അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## വ്യാഴം

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 67,8-9.20**

ദൈവമേ, അങ്ങ് അങ്ങേ ജനത്തിന്റെ മുമ്പിൽ നീങ്ങിയപ്പോൾ, അവർക്കു വഴികാണിക്കുകയും അവരോടൊത്തു വസിക്കുകയും ചെയ്തപ്പോൾ, ഭൂമി കുലുങ്ങുകയും ആകാശം മഴ ചൊരിയുകയും ചെയ്തു, അല്ലേലൂയാ.

**സമിതിപ്രാർഥന**

ദൈവമേ, മനുഷ്യപ്രകൃതിയെ ആദിമാന്തസ്സിനെക്കാളും ഉപരിയായി അങ്ങ് പുനരുദ്ധരിച്ചുവല്ലോ. അങ്ങേ കാരുണ്യത്തിന്റെ വിസ്മയനീയമായ രഹസ്യം തൃക്കൺപാർക്കണമേ. അങ്ങനെ, നവജന്മത്തിന്റെ രഹസ്യത്താൽ നവീകരിക്കാൻ അങ്ങു തിരുവുള്ളമായ ഇവരെ അങ്ങേ നിരന്തരകൃപയുടെയും അനുഗ്രഹത്തിന്റെയും ദാനങ്ങളാൽ കാത്തുപരിപാലിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ബലിവസ്തുക്കളുടെ സമർപ്പണത്തോടൊപ്പം ഞങ്ങളുടെ പ്രാർഥനകളും അങ്ങേപ്പക്കലേക്ക് ഉയരട്ടെ. അങ്ങനെ, അങ്ങേ മഹാമനസ്കതയാൽ ശുദ്ധീകരിക്കപ്പെട്ട്, അങ്ങേ മഹാകാരുണ്യത്തിന്റെ രഹസ്യങ്ങൾക്ക് ഞങ്ങൾ യോഗ്യരായി ഭവിക്കുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **മത്താ 28,20**

ഇതാ, യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, ക്രിസ്തുവിന്റെ ഉത്ഥാനത്താൽ അങ്ങ് ഞങ്ങളെ നിത്യജീവനിലേക്ക് പുനരാനയിക്കുന്നുവല്ലോ. പെസഹാരഹസ്യത്തിന്റെ ഫലങ്ങൾ ഞങ്ങളിൽ വർധമാനമാക്കുകയും ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് രക്ഷാകരമായ ഭോജ്യത്തിന്റെ ശക്തി ചൊരിയുകയും ചെയ്യണമേ. കർത്താവായ...

# വെള്ളി

**പ്രവേശകപ്രഭണിതം** **വെളി 5,9-10**

കർത്താവേ, നിന്റെ രക്തംകൊണ്ട് എല്ലാ ഗോത്രത്തിലും ഭാഷയിലും ജനതകളിലും രാജ്യങ്ങളിലും നിന്ന് ഞങ്ങളെ രക്ഷിക്കുകയും നമ്മുടെ ദൈവത്തിന് ഒരു രാജ്യവും പുരോഹിതന്മാരുമാക്കിത്തീർക്കുകയും ചെയ്തു, അല്ലേലൂയാ.

**സമിതിപ്രാർഥന**

ഞങ്ങളുടെ സ്വാതന്ത്ര്യത്തിന്റെയും രക്ഷയുടെയും ഉടയവനായ ദൈവമേ, അങ്ങേ വിളിച്ചപേക്ഷിക്കുന്നവരുടെ സ്വരം ശ്രവിക്കണമേ. അങ്ങേ പുത്രന്റെ രക്തം ചൊരിഞ്ഞ് വീണ്ടെടുത്തവരെ അങ്ങുവഴി ജീവിക്കാനും നിരന്തര സംരക്ഷണത്താൽ അങ്ങിൽ ആനന്ദിക്കാനും പ്രാപ്തരാക്കുമാറാകണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ കുടുംബത്തിന്റെ കാണിക്കകൾ കാരുണ്യപൂർവം സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ സംരക്ഷണത്തിന്റെ സഹായത്താൽ സ്വീകരിച്ചവ അവർ നഷ്ടപ്പെടുത്താതിരിക്കാനും നിത്യമായ ദാനങ്ങളിലേക്ക് എത്തിച്ചേരാനും ഇടയാകുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **റോമാ 4,25**

നമ്മുടെ കർത്താവായ ക്രിസ്തു നമ്മുടെ പാപങ്ങളുടെ മോചനത്തിനായി മരണത്തിന് ഏല്പിക്കപ്പെടുകയും നമ്മുടെ നീതിമത്കരണത്തിനായി ഉയിർപ്പിക്കപ്പെടുകയും ചെയ്തു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, നിരന്തര കാരുണ്യത്താൽ വീണ്ടെടുത്തവരെ കാത്തുപാലിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ പുത്രന്റെ പീഡാസഹനത്താൽ രക്ഷിക്കപ്പെട്ടവർ അവിടത്തെ ഉത്ഥാനത്തിൽ ആനന്ദിക്കുമാറാകട്ടെ. എന്നെന്നും ...

## ശനി

**പ്രവേശകപ്രഭണിതം** **1പത്രോ 2,9**

തിരഞ്ഞെടുക്കപ്പെട്ട ജനമേ, അന്ധകാരത്തിൽ നിന്ന് തന്റെ അദ്ഭുതകരമായ പ്രകാശത്തിലേക്കു വിളിച്ചവന്റെ ശക്തി പ്രഘോഷിക്കുവിൻ, അല്ലേലൂയാ.

**സമിതിപ്രാർഥന**

ദൈവമേ, പെസഹാ മഹോത്സവംവഴി അങ്ങ് കാരുണ്യപൂർവം സ്വർഗീയ ഔഷധം ലോകത്തിനു നല്കുന്നുവല്ലോ. അങ്ങേ സഭയോട് കാരുണ്യം കാണിക്കണമേ. അങ്ങനെ, ഇക്കാലയളവിലെ അനുഷ്ഠാനങ്ങൾ നിത്യജീവന് ഉപകരിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ കാണിക്കകൾ ദയാപൂർവം വിശുദ്ധീകരിക്കുകയും ആത്മീയബലിയുടെ അർപ്പണം സ്വീകരിച്ച്, ഞങ്ങൾ ഞങ്ങളെത്തന്നെ അങ്ങേക്ക് നിത്യമായ കാണിക്കയാക്കിത്തീർക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **യോഹ 17,24**

പിതാവേ, അങ്ങ് എനിക്കു നല്കിയവർ, ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടെ ആയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ, അങ്ങ് എനിക്കു നല്കിയ മഹത്ത്വം അവർ കാണട്ടെ, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, താഴ്മയോടെ അപേക്ഷിച്ചുകൊണ്ട്, ദിവ്യരഹസ്യത്തിന്റെ ദാനങ്ങൾ ഞങ്ങൾ സ്വീകരിച്ചുവല്ലോ. അങ്ങനെ, അങ്ങേ പുത്രൻ തന്റെ അനുസ്മരണത്തിനായി ഞങ്ങളോടു കല്പിച്ചതനുസരിച്ചുള്ള ഈ ദാനങ്ങൾ ഞങ്ങളുടെ സ്നേഹത്തിന്റെ വർധനവിലേക്ക് ഞങ്ങളെ നയിക്കുമാറാകട്ടെ. കർത്താവായ...

# പെസഹാക്കാലം അഞ്ചാം ഞായര്‍

## പ്രവേശകപ്രഭണിതം Cf. സങ്കീ 97,1-2

കര്‍ത്താവിന് ഒരു പുതിയ കീര്‍ത്തനം ആലപിക്കുവിന്‍. എന്തെന്നാല്‍, കര്‍ത്താവ് അദ്ഭുതകൃത്യങ്ങള്‍ ചെയ്തിരിക്കുന്നു; അവിടന്ന് തന്റെ നീതി ജനതകളുടെ മുമ്പില്‍ വെളിപ്പെടുത്തി, അല്ലേലൂയാ.

അത്യുന്നതങ്ങളില്‍ ചൊല്ലുന്നു.

## സമിതിപ്രാര്‍ഥന

സര്‍വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളിലെന്നും പെസഹാരഹസ്യം നിറവേറ്റണമേ. അങ്ങനെ, പരിശുദ്ധ ജ്ഞാന സ്നാനത്താല്‍ നവീകൃതരാകാന്‍ അങ്ങ് ഇടയാക്കിയ ഇവര്‍, അങ്ങേ സംരക്ഷണത്തിന്റെ സഹായത്തിന്‍കീഴില്‍ സമൃദ്ധമായി ഫലം പുറപ്പെടുവിക്കാനും നിത്യജീവിതത്തിന്റെ ആനന്ദത്തിലേക്ക് എത്തിച്ചേരാനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

## നൈവേദ്യപ്രാര്‍ഥന

ദൈവമേ, ഈ ബലിയുടെ ഭക്ത്യാദരങ്ങളോടെയുള്ള വിനിമയത്താല്‍ ഏകപരമോന്നത ദൈവപ്രകൃതിയില്‍ ഞങ്ങളെ പങ്കുകാരാക്കാന്‍ അങ്ങ് ഇടയാക്കിയല്ലോ. അങ്ങനെ, അങ്ങേ സത്യം ഞങ്ങളറിയുന്നപോലെതന്നെ, അനുയുക്തമായ ജീവിത ശൈലിയിലൂടെ അത് ഞങ്ങള്‍ പ്രാപിക്കുകയും ചെയ്യുമാറാകട്ടെ. കര്‍ത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

## ദിവ്യഭോജനപ്രഭണിതം യോഹ 15, 1.5

കര്‍ത്താവ് അരുള്‍ചെയ്യുന്നു: ഞാന്‍ സാക്ഷാല്‍ മുന്തിരിച്ചെടിയും നിങ്ങള്‍ ശാഖകളുമാണ്. ആര് എന്നിലും ഞാന്‍ അവനിലും വസിക്കുന്നുവോ, അവന്‍ ഏറെ ഫലം പുറപ്പെടുവിക്കുന്നു, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, കാരുണ്യപൂർവം അങ്ങേ ജനത്തോടുകൂടെയായിരിക്കണമെന്നും സ്വർഗീയ രഹസ്യങ്ങളാൽ അങ്ങ് പ്രചോദിപ്പിച്ച അവരെ, പഴയ ജീവിതശൈലിയിൽനിന്ന് നവജീവിതത്തിലേക്ക് കടന്നുവരാൻ അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

സാഘോഷ ആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്. p.

# തിങ്കള്‍

## പ്രവേശകപ്രഭണിതം

തന്റെ ആടുകള്‍ക്കുവേണ്ടി ജീവാര്‍പ്പണം ചെയ്യുകയും തന്റെ അജഗണത്തിനുവേണ്ടി മരിക്കാന്‍ തിരുമനസ്സാവുകയും ചെയ്ത നല്ലിടയന്‍ ഉത്ഥാനം ചെയ്തിരിക്കുന്നു, അല്ലേലൂയാ.

## സമിതിപ്രാര്‍ഥന

കര്‍ത്താവേ, അങ്ങേ വലത്തുകരം നിരന്തരസഹായത്താല്‍ അങ്ങേ കുടുംബത്തെ വലയംചെയ്യണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങനെ, ഏകജാതനായ അങ്ങേ പുത്രന്റെ ഉത്ഥാനത്താല്‍, സമസ്ത തിന്മകളിലും നിന്ന് സംരക്ഷിക്കപ്പെട്ട് സ്വര്‍ഗീയദാനങ്ങളാല്‍ അവര്‍ മുന്നേറുമാറാകട്ടെ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാര്‍ഥന

കര്‍ത്താവേ, ബലിവസ്തുക്കളുടെ സമര്‍പ്പണത്തോടൊപ്പം ഞങ്ങളുടെ പ്രാര്‍ഥനകളും അങ്ങേപ്പക്കലേക്ക് ഉയരട്ടെ. അങ്ങനെ, അങ്ങേ മഹാമനസ്കതയാല്‍ ശുദ്ധീകരിക്കപ്പെട്ട്, അങ്ങേ മഹാകാരുണ്യത്തിന്റെ രഹസ്യങ്ങള്‍ക്ക് ഞങ്ങള്‍ യോഗ്യരായി ഭവിക്കുമാറാകട്ടെ. കര്‍ത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

## ദിവ്യഭോജനപ്രഭണിതം യോഹ 14,27

കര്‍ത്താവ് അരുള്‍ചെയ്യുന്നു: ഞാന്‍ നിങ്ങളെ സമാധാനം ഏല്പിച്ചിട്ടു പോകുന്നു, എന്റെ സമാധാനം നിങ്ങള്‍ക്കു ഞാന്‍ നല്കുന്നു. ലോകം നല്കുന്നതുപോലെയല്ല ഞാന്‍ നല്കുന്നത്, അല്ലേലൂയാ.

## ദിവ്യഭോജനപ്രാര്‍ഥന

സര്‍വശക്തനും നിത്യനുമായ ദൈവമേ, ക്രിസ്തുവിന്റെ ഉത്ഥാനത്താല്‍ അങ്ങ് ഞങ്ങളെ നിത്യജീവനിലേക്ക് പുനരാനയിക്കുന്നുവല്ലോ. പെസഹാരഹസ്യത്തിന്റെ ഫലങ്ങള്‍ ഞങ്ങളില്‍ വര്‍ധമാനമാക്കുകയും ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് രക്ഷാകരമായ ഭോജ്യത്തിന്റെ ശക്തി ചൊരിയുകയും ചെയ്യണമേ. കര്‍ത്താവായ...

## ചൊവ്വ

**പ്രവേശകപ്രഭണിതം** **വെളി 19,5;12,10**

ദൈവത്തെ ഭയപ്പെടുന്നവരും ചെറിയവരും വലിയവരുമായ നിങ്ങളെല്ലാവരും നമ്മുടെ ദൈവത്തെ സ്തുതിക്കുവിൻ. എന്തെന്നാൽ, രക്ഷയും ശക്തിയും അവിടത്തെ ക്രിസ്തുവിന്റെ അധികാരവും ആഗതമായിരിക്കുന്നു, അല്ലേലൂയാ.

**സമിതിപ്രാർഥന**

ദൈവമേ, ക്രിസ്തുവിന്റെ ഉത്ഥാനത്താൽ അങ്ങ് ഞങ്ങളെ നിത്യജീവനിലേക്ക് പുനരാനയിക്കുന്നുവല്ലോ. അങ്ങേ ജനത്തിന് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്ഥിരത നല്കണമേ. അങ്ങനെ, അങ്ങിൽനിന്നു മനസ്സിലാക്കിയ വാഗ്ദാനങ്ങൾ നിറവേറുമെന്ന് ഒരിക്കലും ഞങ്ങൾ സംശയിക്കാതിരിക്കട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ആഹ്ലാദത്തിലാറാടുന്ന സഭയുടെ കാണിക്കകൾ സ്വീകരിക്കുകയും ഇത്രയേറെ സന്തോഷം അനുഭവിക്കാൻ അങ്ങ് ഇടയാക്കിയ സഭക്ക് നിത്യാനന്ദത്തിന്റെ ഫലം പ്രദാനംചെയ്യുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **റോമാ 6,8**

നാം ക്രിസ്തുവിനോടുകൂടെ മരിച്ചെങ്കിൽ ക്രിസ്തുവിനോടുകൂടെ ജീവിക്കും എന്ന് നാം വിശ്വസിക്കുകയും ചെയ്യുന്നു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ ജനത്തെ കരുണയോടെ കടാക്ഷിക്കുകയും നിത്യമായ രഹസ്യങ്ങളാൽ നവീകരിക്കപ്പെടാൻ അങ്ങ് തിരുമനസ്സായ ഇവരെ മഹത്ത്വപൂർണമായ ശരീരത്തിന്റെ അക്ഷയമായ ഉത്ഥാനത്തിലേക്ക് എത്തിച്ചേരാൻ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## ബുധൻ

**പ്രവേശകപ്രഭണിതം** **Cf.സങ്കീ 70,8.23**

ഞാൻ ആനന്ദഗാനമാലപിക്കാൻ, അങ്ങേ സ്തുതികൾ കൊണ്ട് എന്റെ നാവ് നിറയ്ക്കണമേ; ഞാനങ്ങയെ പ്രകീർത്തിക്കുമ്പോൾ, എന്റെ അധരങ്ങൾ ആനന്ദംകൊണ്ട് ആർപ്പുവിളിക്കും, അല്ലേലൂയാ.

**സമിതിപ്രാർഥന**

നിഷ്കളങ്കതയുടെ പുനരുദ്ധാരകനും സ്നേഹിതനുമായ ദൈവമേ, അങ്ങേ ദാസരുടെ ഹൃദയങ്ങൾ അങ്ങിലേക്ക് തിരിക്കണമേ. അങ്ങനെ, അവിശ്വാസത്തിന്റെ അന്ധകാരത്തിൽ നിന്ന് അങ്ങ് മോചിപ്പിച്ചവർ, അങ്ങേ സത്യത്തിന്റെ പ്രകാശത്തിൽ നിന്ന് ഒരിക്കലും വ്യതിചലിക്കാതിരിക്കട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ പെസഹാരഹസ്യങ്ങൾവഴി ഞങ്ങളെന്നും കൃതജ്ഞതാനിർഭരരായിരിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങളുടെ നവീകരണത്തിന്റെ നിരന്തരപ്രവർത്തനം ഞങ്ങൾക്ക് നിത്യാനന്ദത്തിന് നിദാനമായി ഭവിക്കുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം**

കർത്താവ് ഉത്ഥാനം ചെയ്യുകയും തന്റെ രക്തത്താൽ വീണ്ടെടുത്ത നമ്മെ പ്രകാശിപ്പിക്കുകയും ചെയ്തു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങളുടെ പ്രാർഥനകൾ ശ്രവിക്കണമേ. അങ്ങനെ, ഞങ്ങളുടെ പരിത്രാണത്തിന്റെ ഈ പരമപരിശുദ്ധ വിനിമയം ഞങ്ങൾക്ക് ഇഹലോക ജീവിതത്തിൽ സഹായം പ്രദാനംചെയ്യുകയും നിത്യാനന്ദത്തിന് ഞങ്ങളെ അർഹരാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## വ്യാഴം

**പ്രവേശകപ്രഭണിതം** **Cf. പുറ 15,1-2**

കർത്താവിനെ നമുക്ക് പാടിസ്തുതിക്കാം. എന്തെന്നാൽ, അവിടന്ന് മഹത്ത്വപൂർണമായ വിജയം വരിച്ചിരിക്കുന്നു. കർത്താവ് എന്റെ ശക്തിയും മഹത്ത്വവുമാകുന്നു. അവിടന്ന് എനിക്ക് രക്ഷയായി ഭവിച്ചിരിക്കുന്നു, അല്ലേലൂയാ.

**സമിതിപ്രാർഥന**

ദൈവമേ, അങ്ങയുടെ കൃപയാലാണല്ലോ പാപികളായ ഞങ്ങൾ നീതിമാന്മാരും, നിർധനരായ ഞങ്ങൾ അനുഗൃഹീതരും ആയി ഭവിക്കുന്നത്. അങ്ങേ പ്രവർത്തനങ്ങളാലും ദാനങ്ങളാലും ഞങ്ങളോടൊപ്പമായിരിക്കണമേ. അങ്ങനെ, വിശ്വാസത്താൽ നീതിമത്കരിക്കപ്പെട്ടവർക്ക് സ്ഥിരതയുടെ സ്ഥൈര്യം നഷ്ടപ്പെടാതിരിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

ദൈവമേ, ഈ ബലിയുടെ ഭക്ത്യാദരങ്ങളോടെയുള്ള വിനിമയത്താൽ ഏകപരമോന്നത ദൈവപ്രകൃതിയിൽ ഞങ്ങളെ പങ്കുകാരാക്കാൻ അങ്ങ് ഇടയാക്കിയല്ലോ. അങ്ങനെ, അങ്ങേ സത്യം ഞങ്ങളറിയുന്നപോലെതന്നെ, അനുയുക്തമായ ജീവിത ശൈലിയിലൂടെ അത് ഞങ്ങൾ പ്രാപിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **2കോറി 5,15**

ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ, തങ്ങളെ പ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് ക്രിസ്തു എല്ലാവർക്കുംവേണ്ടി മരിച്ചത്, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, കാരുണ്യപൂർവം അങ്ങേ ജനത്തോടുകൂടെയായിരിക്കണമെന്നും സ്വർഗീയ രഹസ്യങ്ങളാൽ അങ്ങ് പ്രചോദിപ്പിച്ച അവരെ പഴയ ജീവിതശൈലിയിൽനിന്ന് നവജീവിതത്തിലേക്കു കടന്നുവരാൻ അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# വെള്ളി

**പ്രവേശകപ്രഭണിതം** **വെളി 5, 12**

കൊല്ലപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ആധിപത്യവും ബഹുമാനവും മഹത്ത്വവും സ്വീകരിക്കാൻ യോഗ്യനാണ്, അല്ലേലൂയാ.

**സമിതിപ്രാർഥന**

കർത്താവേ, പെസഹാ രഹസ്യത്തോട് അനുയുക്തമായി അനുരൂപപ്പെടാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, സന്തോഷത്തോടെ ഞങ്ങളനുഷ്ഠിക്കുന്നവ നിരന്തര ശക്തിയാൽ ഞങ്ങളെ പരിപാലിക്കുകയും രക്ഷിക്കുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ കാണിക്കകൾ ദയാപൂർവം വിശുദ്ധീകരിക്കുകയും ആത്മീയബലിയുടെ അർപ്പണം സ്വീകരിച്ച്, ഞങ്ങൾ ഞങ്ങളെത്തന്നെ അങ്ങേക്ക് നിത്യമായ കാണിക്കയാക്കിത്തീർക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം**

ക്രൂശിതൻ മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്യുകയും നമ്മെ രക്ഷിക്കുകയും ചെയ്തു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, താഴ്മയോടെ അപേക്ഷിച്ചുകൊണ്ട് ദിവ്യരഹസ്യത്തിന്റെ ദാനങ്ങൾ ഞങ്ങൾ സ്വീകരിച്ചുവല്ലോ. അങ്ങനെ, അങ്ങേപുത്രൻ തന്റെ അനുസ്മരണത്തിനായി ഞങ്ങളോട് കല്പിച്ചതനുസരിച്ചുള്ള ഈ ദാനങ്ങൾ ഞങ്ങളുടെ സ്നേഹത്തിന്റെ വർധനവിലേക്ക് നയിക്കുമാറാകട്ടെ. കർത്താവായ...

## ശനി

**പ്രവേശകപ്രഭണിതം** **കൊളോ 2,12**

ജ്ഞാനസ്നാനം വഴി നിങ്ങൾ ക്രിസ്തുവിനോടൊപ്പം സംസ്കരിക്കപ്പെട്ടു; മരിച്ചവരിൽനിന്ന് അവനെ ഉയിർപ്പിച്ച ദൈവത്തിന്റെ പ്രവർത്തനത്തിലുള്ള വിശ്വാസം നിമിത്തം നിങ്ങൾ അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു, അല്ലേലൂയാ.

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, ജ്ഞാനസ്നാനത്തിന്റെ നവജന്മത്തിലൂടെ സ്വർഗീയ ജീവൻ പ്രദാനംചെയ്യാൻ അങ്ങ് ഇടയാക്കിയല്ലോ. അങ്ങനെ, നീതിമത്കരണത്തിലൂടെ അമർത്യതയുടെ പദവിക്ക് അർഹരാകാൻ അങ്ങ് ഇടയാക്കിയ ഇവർ അങ്ങേ മാർഗദർശനത്താൽ മഹത്ത്വത്തിന്റെ പൂർണതയിലേക്ക് എത്തിച്ചേരുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ കുടുംബത്തിന്റെ കാണിക്കകൾ കാരുണ്യപൂർവം സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ സംരക്ഷണത്തിന്റെ സഹായത്താൽ സ്വീകരിച്ചവ അവർ നഷ്ടപ്പെടുത്താതിരിക്കാനും നിത്യമായ ദാനങ്ങളിലേക്ക് എത്തിച്ചേരാനും ഇടയാകുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **യോഹ 17,20-21**

കർത്താവ് അരുൾചെയ്യുന്നു: പിതാവേ, അവർ നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർഥിക്കുന്നു, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, നിരന്തര കാരുണ്യത്താൽ വീണ്ടെടുത്തവരെ കാത്തുപാലിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ പുത്രന്റെ പീഡാസഹനത്താൽ രക്ഷിക്കപ്പെട്ടവർ അവിടത്തെ ഉത്ഥാനത്തിൽ ആനന്ദിക്കുമാറാകട്ടെ. എന്നെന്നും ...

# പെസഹാക്കാലം ആറാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. ഏശ 48,20**

സന്തോഷത്തിന്റെ സന്ദേശം പ്രഖ്യാപിക്കുക; അത് കേൾക്കപ്പെടട്ടെ. കർത്താവ് തന്റെ ജനത്തെ രക്ഷിച്ചുവെന്ന് ഭൂമിയുടെ അതിർത്തികൾവരെയും വിളിച്ചറിയിക്കുക, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, ഉത്ഥിതനായ കർത്താവിന്റെ മഹിമയ്ക്കായി ഞങ്ങൾ അനുഷ്ഠിക്കുന്ന സന്തോഷത്തിന്റെ ഈ ദിനങ്ങൾ ഭക്തിതീക്ഷ്ണതയോടെ ആഘോഷിക്കുന്നതിന് ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങനെ, അതിന്റെ സ്മരണയാൽ ഞങ്ങൾ ആചരിക്കുന്നത് പ്രവൃത്തിയിലും എപ്പോഴും നിലനിർത്തുമാറാകട്ടെ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

**നൈവേദ്യപ്രാർഥന**

കർത്താവേ, ബലിവസ്തുക്കളുടെ സമർപ്പണത്തോടൊപ്പം ഞങ്ങളുടെ പ്രാർഥനകളും അങ്ങേപ്പക്കലേക്ക് ഉയരട്ടെ. അങ്ങനെ, അങ്ങേ മഹാമനസ്കതയാൽ ശുദ്ധീകരിക്കപ്പെട്ട്, അങ്ങേ മഹാ കാരുണ്യത്തിന്റെ രഹസ്യങ്ങൾക്ക് ഞങ്ങൾ യോഗ്യരായി ഭവിക്കുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **യോഹ 14, 15-16**

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ കല്പന പാലിക്കും. ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടന്നു നിങ്ങൾക്ക് തരുകയും ചെയ്യും, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, ക്രിസ്തുവിന്റെ ഉത്ഥാനത്താൽ അങ്ങ് ഞങ്ങളെ നിത്യജീവനിലേക്ക് പുനരാനയിക്കുന്നുവല്ലോ. പെസഹാരഹസ്യത്തിന്റെ ഫലങ്ങൾ ഞങ്ങളിൽ വർധമാനമാക്കുകയും ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് രക്ഷാകരമായ ഭോജ്യത്തിന്റെ ശക്തി ചൊരിയുകയും ചെയ്യണമേ. കർത്താവായ...

സാഘോഷ ആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്. p.

## തിങ്കൾ

**പ്രവേശകപ്രഭണിതം** **റോമാ 6,9**

മരിച്ചവരിൽ നിന്ന് ഉത്ഥാനംചെയ്ത ക്രിസ്തു ഇനിയൊരിക്കലും മരിക്കുകയില്ല, മരണത്തിന് അവന്റെമേൽ ഇനി അധികാരമില്ല, അല്ലേലൂയാ.

**സമിതിപ്രാർഥന**

കാരുണ്യവാനായ ദൈവമേ, പെസഹാചരണത്താൽ ഞങ്ങൾ ആഘോഷിക്കുന്നത് എല്ലാക്കാലത്തും ഫലപ്രദമായി അനുഭവിക്കാൻ ഞങ്ങൾക്ക് വരമരുളണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ആഹ്ലാദത്തിലാറാടുന്ന സഭയുടെ കാണിക്കകൾ സ്വീകരിക്കുകയും ഇത്രയേറെ സന്തോഷം അനുഭവിക്കുവാൻ അങ്ങ് ഇടയാക്കിയ സഭയ്ക്ക് നിത്യാനന്ദത്തിന്റെ ഫലം പ്രദാനംചെയ്യുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **യോഹ 20,19**

യേശു തന്റെ ശിഷ്യന്മാരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ ജനത്തെ കരുണയോടെ കടാക്ഷിക്കുകയും നിത്യമായ രഹസ്യങ്ങളാൽ നവീകരിക്കപ്പെടാൻ അങ്ങ് തിരുമനസായ ഇവരെ മഹത്ത്വപൂർണമായ ശരീരത്തിന്റെ അക്ഷയമായ ഉത്ഥാനത്തിലേക്ക് എത്തിച്ചേരാൻ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# ചൊവ്വ

**പ്രവേശകപ്രഭണിതം** **വെളി 19,7.6**

നമുക്ക് ആനന്ദിക്കാം, ആഹ്ലാദിച്ച് ആർപ്പുവിളിക്കാം. ദൈവത്തിന് മഹത്ത്വം നല്കാം. എന്തെന്നാൽ, സർവശക്തനും നമ്മുടെ കർത്താവുമായ ദൈവം വാഴുന്നു, അല്ലേലൂയാ.

**സമിതിപ്രാർഥന**

സർവശക്തനും കാരുണ്യവാനുമായ ദൈവമേ, അങ്ങേ പുത്രനായ ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ സജീവമായി ഭാഗഭാക്കുകളാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ പെസഹാരഹസ്യങ്ങൾവഴി ഞങ്ങളെന്നും കൃതജ്ഞതാനിർഭരരായിരിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങളുടെ നവീകരണത്തിന്റെ നിരന്തര പ്രവർത്തനം ഞങ്ങൾക്ക് നിത്യാനന്ദത്തിന് നിദാനമായി ഭവിക്കുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **Cf. ലൂക്കാ 24,46.26**

ക്രിസ്തു സഹിക്കുകയും മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുകയും അങ്ങനെ തന്റെ മഹത്ത്വത്തിലേക്കു പ്രവേശിക്കുകയും ചെയ്യേണ്ടിയിരുന്നു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങളുടെ പ്രാർഥനകൾ ശ്രവിക്കണമേ. അങ്ങനെ, ഞങ്ങളുടെ പരിത്രാണത്തിന്റെ ഈ പരമപരിശുദ്ധ വിനിമയം ഞങ്ങൾക്ക് ഇഹലോക ജീവിതത്തിൽ സഹായം പ്രദാനംചെയ്യുകയും നിത്യാനന്ദത്തിന് ഞങ്ങളെ അർഹരാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

# ബുധൻ

കർത്താവിന്റെ സ്വർഗാരോഹണ മഹോത്സവം അടുത്ത ഞായറാഴ്ച ആഘോഷിക്കുന്ന സ്ഥലങ്ങളിൽ, ഈ ദിവ്യപൂജ വൈകുന്നേരവും ഉപയോഗിക്കാവുന്നതാണ്.

## പ്രവേശകപ്രഭണിതം Cf. സങ്കീ 17,50;21,23

കർത്താവേ, ജനതകളുടെ മധ്യേ ഞാനങ്ങയെ ഏറ്റുപറയുകയും അങ്ങേ നാമം എന്റെ സഹോദരരോട് പ്രഘോഷിക്കുകയും ചെയ്യും, അല്ലേലൂയാ.

## സമിതിപ്രാർഥന

കർത്താവേ, അങ്ങേപുത്രന്റെ ഉത്ഥാനമഹോത്സവങ്ങൾ വർഷംതോറും ഈ രഹസ്യത്താൽ ഞങ്ങൾ ആഘോഷിക്കുന്നതുപോലെ, എല്ലാ വിശുദ്ധരോടുമൊത്തുള്ള അവിടത്തെ ആഗമനത്തിൽ ആനന്ദിക്കാൻ ഞങ്ങളെ അർഹരാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

ദൈവമേ, ഈ ബലിയുടെ ഭക്ത്യാദരങ്ങളോടെയുള്ള വിനിമയത്താൽ ഏകപരമോന്നത ദൈവപ്രകൃതിയിൽ ഞങ്ങളെ പങ്കുകാരാക്കാൻ അങ്ങ് ഇടയാക്കിയല്ലോ. അങ്ങനെ, അങ്ങേ സത്യം ഞങ്ങളറിയുന്നപോലെതന്നെ, അനുയുക്തമായ ജീവിത ശൈലിയിലൂടെ അത് ഞങ്ങൾ പ്രാപിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

## ദിവ്യഭോജനപ്രഭണിതം Cf. യോഹ 15,16.19

കർത്താവ് അരുൾചെയ്യുന്നു: ഞാൻ നിങ്ങളെ ലോകത്തിൽ നിന്ന് തിരഞ്ഞെടുത്തു. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനില്ക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, കാരുണ്യപൂർവം അങ്ങേ ജനത്തോടുകൂടെയായിരിക്കണമെന്നും സ്വർഗീയ രഹസ്യങ്ങളാൽ അങ്ങ് പ്രചോദിപ്പിച്ച അവരെ പഴയ ജീവിതശൈലിയിൽനിന്ന് നവജീവിതത്തിലേക്കു കടന്നുവരാൻ അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# കർത്താവിന്റെ സ്വർഗാരോഹണം

## മഹോത്സവം

സ്വർഗാരോഹണമഹോത്സവം കടമുള്ള ദിവസമല്ലാത്തിടങ്ങളിൽ, അതിന്റെ ഉചിതമായ ദിനമായി പെസഹാക്കാലം ഏഴാം ഞായർ നിജപ്പെടുത്തിയിരിക്കുന്നു.

## ജാഗരപൂജ

മഹോത്സവത്തിന്റെ തലേന്ന് വൈകുന്നേരം, സ്വർഗാരോഹണത്തിന്റെ ഒന്നാം സായാഹ്ന പ്രാർത്ഥനയ്ക്കുമുമ്പോ പിമ്പോ ഈ ദിവ്യപൂജ ഉപയോഗിക്കുന്നു.

**പ്രവേശകപ്രഭണിതം** **സങ്കീ 67, 33.35**

ഭൂമിയിലെ രാജ്യങ്ങളേ, ദൈവത്തിന് സ്തുതികളാലപിക്കുവിൻ, സ്വർഗത്തിലേക്ക് ആരോഹണം ചെയ്യുന്ന കർത്താവിനു കീർത്തനം പാടുവിൻ. അവിടത്തെ മഹിമയും ശക്തിയും ആകാശങ്ങളിലുണ്ട്, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ പുത്രൻ ഈ ദിനം അപ്പസ്തോലന്മാർ നോക്കിനില്ക്കേ സ്വർഗത്തിലേക്ക് ആരോഹണം ചെയ്തുവല്ലോ. അവിടത്തെ വാഗ്ദാനമനുസരിച്ച് അവിടന്ന് നമ്മളോടൊത്ത് എന്നും ഭൂമിയിലും നമ്മൾ അവിടത്തോടൊന്നിച്ച് സ്വർഗത്തിലും ജീവിക്കാൻ ഞങ്ങളെ അർഹരാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു

### നൈവേദ്യപ്രാർഥന

ദൈവമേ, ഞങ്ങളുടെ മഹാപുരോഹിതനായ അങ്ങേ ഏകജാതൻ ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കാൻ അങ്ങേ വലത്തുഭാഗത്ത് എന്നും ജീവിച്ചുകൊണ്ട് ഉപവിഷ്ടനായിരിക്കുന്നുവല്ലോ. അങ്ങേ കാരുണ്യം ഞങ്ങൾ പ്രാപിക്കാൻ കൃപയുടെ സിംഹാസനത്തിലേക്ക് ദൃഢവിശ്വാസത്തോടെ നടന്നടുക്കാനുള്ള അനുഗ്രഹം ഞങ്ങൾക്കു നല്കണമേ. കർത്താവായ...

സ്വർഗാരോഹണത്തിന്റെ ആമുഖഗീതി, p.

റോമൻ കാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥന ചൊല്ലുന്നു.

## ദിവ്യഭോജനപ്രഭണിതം Cf. ഹെബ്രാ 10,12

പാപങ്ങൾക്കുവേണ്ടി ഏകബലിയർപ്പിച്ചുകൊണ്ട്, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് നിത്യമായി ഉപവിഷ്ടനായി, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങയുടെ അൾത്താരയിൽനിന്ന് ഞങ്ങൾ സ്വീകരിച്ച ദാനങ്ങൾ സ്വർഗീയ പിതൃരാജ്യത്തിന്റെ ആഗ്രഹം ഞങ്ങളുടെ ഹൃദയങ്ങളിൽ ഉജ്ജ്വലിപ്പിക്കുകയും ഞങ്ങൾക്കു മുന്നോടിയായി രക്ഷകൻ പ്രവേശിച്ചേടത്ത്, അവിടത്തെ കാലടികൾ പിഞ്ചെന്ന്, ഞങ്ങളും എത്തിച്ചേരാൻ ഇടവരുത്തുകയും ചെയ്യുമാറാകട്ടെ. എന്നെന്നും...

സാഘോഷ ആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്. p.

# ദിനപൂജ

**പ്രവേശകപ്രഭണിതം** **അപ്പ 1,11**

ഗലീലിയരേ, നിങ്ങൾ വിസ്മയഭരിതരായി ആകാശത്തിലേക്കു നോക്കിനില്ക്കുന്നതെന്ത്? സ്വർഗത്തിലേക്ക് അവിടന്ന് ആരോഹണം ചെയ്തതു കണ്ടപോലെതന്നെ അവിടന്ന് തിരിച്ചുവരും, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, ദിവ്യമായ ആനന്ദത്താൽ ആർത്തുല്ലസിക്കാനും കൃപകളുടെ ഭക്താനുഷ്ഠാനത്താൽ സന്തോഷിക്കാനും ഞങ്ങൾക്ക് അങ്ങ് ഇടയാക്കണമേ. എന്തെന്നാൽ, അങ്ങേ പുത്രനായ ക്രിസ്തുവിന്റെ ആരോഹണം ഞങ്ങളുടെ സന്തോഷമാകുന്നു. ശിരസ്സിന്റെ മഹത്ത്വം എത്തിയേടത്ത് ശരീരത്തിന്റെയും പ്രത്യാശ നിറവേറുമാറാകട്ടെ. അങ്ങയോടുകൂടെ...

അഥവാ

സർവശക്തനായ ദൈവമേ, ഈ ദിനം അങ്ങയുടെ ഏകജാതനായ ഞങ്ങളുടെ രക്ഷകൻ സ്വർഗത്തിലേക്ക് ആരോഹണം ചെയ്തുവെന്നു വിശ്വസിക്കുന്ന ഞങ്ങൾ, അതേ മാനസത്താൽ സ്വർഗീയമായവയിൽ വസിക്കാനും ആനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ പുത്രന്റെ ധന്യമായ സ്വർഗാരോഹണത്തിനുവേണ്ടി പ്രാർഥനാനിരതരായി ഞങ്ങളിപ്പോൾ ബലിയർപ്പിക്കുന്നു. ഈ പരിശുദ്ധ പരമ വിനിമയത്താൽ സ്വർഗത്തിലേക്ക് ഞങ്ങൾ ഉയർത്തപ്പെടാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

സ്വർഗാരോഹണത്തിന്റെ ആമുഖഗീതി, p.

റോമൻ കാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥന ചൊല്ലുന്നു

**ദിവ്യഭോജനപ്രഭണിതം** **മത്താ 28,20**

ഇതാ, യുഗാന്തംവരെ എന്നും ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, ഇഹത്തിൽ നിയുക്തരായവരെ സ്വർഗീയമായവ കൈകാര്യംചെയ്യാൻ അങ്ങ് അനുവദിക്കുന്നുവല്ലോ. ഞങ്ങളുടെ പ്രകൃതി അങ്ങയോടൊപ്പം സ്വർഗീയമായവയിലേക്ക് ആയിരിക്കാൻ സഹായിക്കുന്ന ക്രിസ്തീയഭക്തിയുടെ ചൈതന്യം ഞങ്ങളെ നയിക്കാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

സാഘോഷ ആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്. p...

# വ്യാഴം

സ്വർഗാരോഹണ മഹോത്സവം അടുത്ത ഞായറാഴ്ച ആഘോഷിക്കുന്ന സ്ഥലങ്ങളിൽ ഇത് ഉപയോഗിക്കുന്നു.

## പ്രവേശകപ്രഭണിതം Cf. സങ്കീ 67,8-9.20

ദൈവമേ, അങ്ങേ ജനത്തിന്റെ മുമ്പിൽ അങ്ങ് നീങ്ങിയപ്പോൾ, അവരോടൊത്തു വസിച്ചപ്പോൾ, ഭൂമി കുലുങ്ങുകയും ആകാശം മഴ ചൊരിയുകയും ചെയ്തു, അല്ലേലൂയാ.

## സമിതിപ്രാർഥന

ദൈവമേ, അങ്ങേ ജനത്തെ അങ്ങേ പരിത്രാണത്തിൽ പങ്കാളികളാക്കാൻ അങ്ങിടയാക്കിയല്ലോ. കർത്താവിന്റെ ഉത്ഥാനദിനത്തെപ്രതി നിരന്തരം കൃതജ്ഞതാനിർഭരരായിരിക്കാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

## നൈവേദ്യപ്രാർഥന

കർത്താവേ, ബലിവസ്തുക്കളുടെ സമർപ്പണത്തോടൊപ്പം ഞങ്ങളുടെ പ്രാർഥനകളും അങ്ങേപ്പക്കലേക്ക് ഉയരട്ടെ. അങ്ങനെ, അങ്ങേ മഹാമനസ്കതയാൽ ശുദ്ധീകരിക്കപ്പെട്ട്, അങ്ങേ മഹാകാരുണ്യത്തിന്റെ രഹസ്യങ്ങൾക്ക് ഞങ്ങൾ യോഗ്യരായിഭവിക്കുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

## ദിവ്യഭോജനപ്രഭണിതം മത്താ 28,20

ഇതാ, യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, ക്രിസ്തുവിന്റെ ഉത്ഥാനത്താൽ അങ്ങ് ഞങ്ങളെ നിത്യജീവനിലേക്ക് പുനരാനയിക്കുന്നുവല്ലോ. പെസഹാരഹസ്യത്തിന്റെ ഫലങ്ങൾ ഞങ്ങളിൽ വർധമാനമാക്കുകയും ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് രക്ഷാകരമായ ഭോജ്യത്തിന്റെ ശക്തി ചൊരിയുകയും ചെയ്യണമേ. കർത്താവായ...

# വെള്ളി

**പ്രവേശകപ്രഭണിതം** **വെളി 5,9-10**

കര്‍ത്താവേ, നിന്റെ രക്തംകൊണ്ട് എല്ലാ ഗോത്രത്തിലും ഭാഷയിലും ജനതകളിലും രാജ്യങ്ങളിലുംനിന്ന് ഞങ്ങളെ രക്ഷിക്കുകയും നമ്മുടെ ദൈവത്തിന് ഒരു രാജ്യവും പുരോഹിതന്മാരുമാക്കിത്തീര്‍ക്കുകയും ചെയ്തു, അല്ലേലൂയാ.

**സമിതിപ്രാര്‍ഥന**

ദൈവമേ, ക്രിസ്തുവിന്റെ ഉത്ഥാനത്താല്‍ അങ്ങ് ഞങ്ങളെ നിത്യജീവനിലേക്ക് പുനരാനയിക്കുന്നുവല്ലോ. അങ്ങേ വലത്തുഭാഗത്തിരിക്കുന്ന ഞങ്ങളുടെ രക്ഷകനിലേക്ക് ഞങ്ങളെ നയിക്കണമേ. അങ്ങനെ, ഞങ്ങളുടെ രക്ഷകനായ അവിടന്ന് തന്റ മഹിമയോടെ ആഗതനാകുമ്പോള്‍, ജ്ഞാനത്താല്‍ നവജന്മം പ്രാപിക്കാന്‍ അങ്ങ് ഇടയാക്കിയ ഇവര്‍ ഭാഗ്യപ്പെട്ട അമര്‍ത്യത അണിയാന്‍ ഇടയാക്കണമേ. അങ്ങയോടുകൂടെ...

സ്വര്‍ഗാരോഹണ മഹോത്സവം അടുത്ത ഞായറാഴ്ച ആഘോഷിക്കുന്നേടങ്ങളില്‍

കര്‍ത്താവേ, ഞങ്ങളുടെ പ്രാര്‍ഥനകള്‍ കേള്‍ക്കണമേ. അങ്ങനെ, അങ്ങേ വചനത്തിന്റെ വിശുദ്ധീകരണത്താല്‍ വാഗ്ദാനം ചെയ്യപ്പെട്ടത്, സുവിശേഷ പ്രവര്‍ത്തനത്താല്‍ എല്ലായിടത്തും നിറവേറ്റപ്പെടാനും സത്യത്തിന്റെ സാക്ഷ്യത്താല്‍ മുന്‍കൂട്ടിപ്പറഞ്ഞത് ദത്തെടുപ്പിന്റെ പൂര്‍ണതയാല്‍ കൈവരിക്കാനും ഇടയാകുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാര്‍ഥന**

കര്‍ത്താവേ, അങ്ങേ കുടുംബത്തിന്റെ കാണിക്കകള്‍ കാരുണ്യപൂര്‍വം സ്വീകരിക്കണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങനെ, അങ്ങേ സംരക്ഷണത്തിന്റെ സഹായത്താല്‍ സ്വീകരിച്ചവ അവര്‍ നഷ്ടപ്പെടുത്താതിരിക്കാനും നിത്യമായ ദാനങ്ങളിലേക്ക് എത്തിച്ചേരാനും ഇടയാകുമാറാകട്ടെ. കര്‍ത്താവായ....

പെസഹാക്കാലത്തെയോ സ്വര്‍ഗാരോഹണത്തിന്റെയോ അമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **റോമാ 4, 25**

നമ്മുടെ കർത്താവായ ക്രിസ്തു നമ്മുടെ പാപങ്ങളുടെ മോചനത്തിനായി മരണത്തിന് ഏല്പിക്കപ്പെടുകയും നമ്മുടെ നീതിമത്കരണത്തിനായി ഉയിർപ്പിക്കപ്പെടുകയും ചെയ്തു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർത്ഥന**

കർത്താവേ, നിരന്തരകാരുണ്യത്താൽ വീണ്ടെടുത്തവരെ കാത്തുപാലിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ, അങ്ങേ പുത്രന്റെ പീഡാസഹനത്താൽ രക്ഷിക്കപ്പെട്ടവർ അവിടത്തെ ഉത്ഥാനത്തിൽ ആനന്ദിക്കുമാറാകട്ടെ. എന്നേക്കും...

## ശനി

**പ്രവേശകപ്രഭണിതം** **1പത്രോ 2,9**

തിരഞ്ഞെടുക്കപ്പെട്ട ജനമേ, അന്ധകാരത്തിൽനിന്ന് തന്റെ അദ്ഭുതകരമായ പ്രകാശത്തിലേക്കു വിളിച്ചവന്റെ ശക്തി പ്രഘോഷിക്കുവിൻ, അല്ലേലൂയാ.

**സമിതിപ്രാർഥന**

ദൈവമേ, അങ്ങേ പുത്രൻ സ്വർഗത്തിലേക്ക് ആരോഹണം ചെയ്തപ്പോൾ പരിശുദ്ധാത്മാവിനെ അപ്പസ്തോലന്മാർക്ക് വാഗ്ദാനം ചെയ്യാൻ അങ്ങ് തിരുവുള്ളമായല്ലോ. വൈവിധ്യമാർന്ന സ്വർഗീയപ്രബോധനത്തിന്റെ ദാനങ്ങൾ അവർ അനുഭവിച്ചതുപോലെ ആത്മീയ ദാനങ്ങൾ ഞങ്ങൾക്കും നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

സ്വർഗാരോഹണമഹോത്സവം അടുത്ത ഞായറാഴ്ച ആഘോഷിക്കുന്നേടങ്ങളിൽ

കർത്താവേ, ഞങ്ങളുടെ മാനസങ്ങളെ സത്പ്രവൃത്തികളാൽ നിരന്തരം രൂപപ്പെടുത്തണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, കൂടുതൽ ഉത്കൃഷ്ടമായത് എപ്പോഴും നിർവഹിച്ചുകൊണ്ട് നിത്യമായ പെസഹാരഹസ്യം ഞങ്ങൾ കൈവരിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ കാണിക്കകൾ ദയാപൂർവം വിശുദ്ധീകരിക്കുകയും ആത്മീയബലിയുടെ അർപ്പണം സ്വീകരിച്ച്, ഞങ്ങൾ ഞങ്ങളെത്തന്നെ അങ്ങേക്ക് നിത്യമായ കാണിക്കയാക്കിത്തീർക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്തെ ആമുഖഗീതി, p.

**ദിവ്യഭോജനപ്രഭണിതം** **യോഹ 17,24**

പിതാവേ, അങ്ങ് എനിക്കു നല്കിയവർ, ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടെ ആയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ, അങ്ങ് എനിക്കു നല്കിയ മഹത്ത്വം അവർ കാണട്ടെ, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, താഴ്മയോടെ അപേക്ഷിച്ചുകൊണ്ട്, ദിവ്യരഹസ്യത്തിന്റെ ദാനങ്ങൾ ഞങ്ങൾ സ്വീകരിച്ചുവല്ലോ. അങ്ങനെ, അങ്ങേ പുത്രൻ തന്റെ അനിസ്മരണത്തിനായി ഞങ്ങളോടു കല്പിച്ചതനുസരിച്ചുള്ള ഈ ദാനങ്ങൾ ഞങ്ങളുടെ സ്നേഹത്തിന്റെ വർധനവിലേക്ക് ഞങ്ങളെ നയിക്കുമാറാകട്ടെ. കർത്താവായ...

# പെസഹാക്കാലം ഏഴാം ഞായർ

**പ്രവേശകപ്രഭണിതം** **Cf.സങ്കീ 26,7.9**

കർത്താവേ, അങ്ങയോട് ഉച്ചത്തിൽ വിളിച്ചപേക്ഷിക്കുമ്പോൾ എന്റെ സ്വരം ശ്രവിക്കണമേ. എന്റെ ഹൃദയം അങ്ങയോടു സംസാരിക്കുന്നു. അങ്ങേ മുഖം ഞാൻ തേടുന്നു. അങ്ങേ മുഖം ഞാൻ കാംക്ഷിക്കുന്നു. എന്നിൽനിന്ന് അങ്ങേ മുഖം തിരിക്കരുതേ, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

കർത്താവേ, കാരുണ്യപൂർവം ഞങ്ങളുടെ പ്രാർഥനകൾക്ക് സമീപസ്ഥനായിരിക്കണമേ. അങ്ങനെ, അങ്ങേ മഹിമയാൽ മാനവരാശിയുടെ രക്ഷകൻ ഞങ്ങളോടുകൂടെയാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നതുപോലെ, യുഗാന്തംവരെ അവിടത്തെ വാഗ്ദാനമനുസരിച്ച് ഞങ്ങളുമായുള്ള അവിടത്തെ സഹവാസം ഞങ്ങൾ അനുഭവിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

**നൈവേദ്യപ്രാർഥന**

കർത്താവേ, ബലിവസ്തുക്കളുടെ അർപ്പണത്തോടൊപ്പം വിശ്വാസികളുടെ പ്രാർഥനകൾ സ്വീകരിക്കണമേ. അങ്ങനെ, ഭക്തകൃത്യങ്ങളുടെ ഈ അനുഷ്ഠാനം വഴി സ്വർഗീയമഹത്ത്വത്തിലേക്ക് ഞങ്ങൾ എത്തിച്ചേരുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെയോ സ്വർഗാരോഹണത്തിന്റെയോ ആമുഖഗീതി, pp.

**ദിവ്യഭോജനപ്രഭണിതം** **യോഹ 17,22**

പിതാവേ, നമ്മളൊന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കാൻ ഞാൻ പ്രാർത്ഥിക്കുന്നു, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളെ ശ്രവിക്കണമേ. അങ്ങനെ, പരമ പരിശുദ്ധ രഹസ്യങ്ങളാൽ ശിരസ്സായ ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടത്, സഭാഗാത്രം മുഴുവനിലും പൂർത്തീകരിക്കപ്പെടുമെന്ന് ഞങ്ങൾ പ്രത്യാശിക്കുമാറാകട്ടെ. കർത്താവായ...

സാഘോഷ ആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്.p.

## തിങ്കൾ

**പ്രവേശകപ്രഭണിതം** **അപ്പ 1,8**

പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും, അല്ലേലൂയാ

**സമിതിപ്രാർഥന**

കർത്താവേ, പരിശുദ്ധാത്മാവിന്റെ ശക്തി ഞങ്ങളുടെമേൽ വരണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ തിരുമനസ്സ് വിശ്വസ്തതയാർന്ന മനസ്സുകളിൽ സൂക്ഷിക്കാനും ഭക്തകൃത്യങ്ങളാൽ പ്രകടമാക്കാനും ഞങ്ങൾ പ്രാപ്തരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, കളങ്കരഹിതമായ ബലികൾ ഞങ്ങളെ ശുദ്ധീകരിക്കുകയും അതിസ്വാഭാവികമായ സ്വർഗീയാനുഗ്രഹത്തിന്റെ ശക്തി ഞങ്ങളുടെ മനസ്സുകൾക്ക് നല്കുകയും ചെയ്യണമേ. കർത്താവായ...

പെസഹാക്കാലത്തെയോ സ്വർഗാരോഹണത്തിന്റെയോ ആമുഖഗീതി.pp.

**ദിവ്യഭോജനപ്രഭണിതം** **യോഹ 14, 18;16,22**

കർത്താവ് അരുൾചെയ്യുന്നു: ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ വീണ്ടും നിങ്ങളുടെ അടുത്തേക്കു വരുകയും നിങ്ങളുടെ ഹൃദയം സന്തോഷിക്കുകയും ചെയ്യും, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, കാരുണ്യപൂർവം അങ്ങേ ജനത്തോടുകൂടെയായിരിക്കണമെന്നും സ്വർഗീയ രഹസ്യങ്ങളാൽ അങ്ങ് പ്രചോദിപ്പിച്ച അവരെ പഴയ ജീവിതശൈലിയിൽനിന്ന് നവജീവിതത്തിലേക്ക് കടന്നുവരാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# ചൊവ്വ

**പ്രവേശകപ്രഭണിതം** **വെളി 1,17-18**

ഞാനാണ് ആദിയും അന്തവും ജീവിക്കുന്നവനും; ഞാൻ മരിച്ചവനായിരുന്നു, ഇതാ, ഞാൻ എന്നേക്കും ജീവിക്കുന്നു, അല്ലേലൂയാ.

**സമിതിപ്രാർഥന**

സർവശക്തനും കാരുണ്യവാനുമായ ദൈവമേ, പരശുദ്ധാത്മാവ് ആഗതനായി ഞങ്ങളിൽ കാരുണ്യപൂർവം വസിച്ചുകൊണ്ട് ഞങ്ങളെ അവിടത്തെ മഹത്ത്വത്തിന്റെ ആലയമാക്കിത്തീർക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ബലിവസ്തുക്കളുടെ അർപ്പണത്തോടൊപ്പം വിശ്വാസികളുടെ പ്രാർഥനകൾ സ്വീകരിക്കണമേ. അങ്ങനെ, ഭക്തകൃത്യങ്ങളുടെ ഈ അനുഷ്ഠാനംവഴി സ്വർഗീയമഹത്ത്വത്തിലേക്ക് ഞങ്ങൾ എത്തിച്ചേരുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെയോ സ്വർഗാരോഹണത്തിന്റെയോ ആമുഖഗീതി, pp.

**ദിവ്യഭോജനപ്രഭണിതം** **യോഹ 14,26**

കർത്താവ് അരുൾചെയ്യുന്നു: എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന പരിശുദ്ധാത്മാവ് എല്ലാക്കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർത്ഥന**

കർത്താവേ, താഴ്മയോടെ അപേക്ഷിച്ചുകൊണ്ട്, ദിവ്യരഹസ്യത്തിന്റെ ദാനങ്ങൾ ഞങ്ങൾ സ്വീകരിച്ചുവല്ലോ. അങ്ങനെ, അങ്ങേ പുത്രൻ തന്റെ അനുസ്മരണത്തിനായി ഞങ്ങളോടു കല്പിച്ചതനുസരിച്ചുള്ള ഈ ദാനങ്ങൾ ഞങ്ങളുടെ സ്നേഹത്തിന്റെ വർധനവിലേക്ക് ഞങ്ങളെ നയിക്കുമാറാകട്ടെ. കർത്താവായ...

# ബുധൻ

**പ്രവേശകപ്രഭണിതം** **സങ്കീ 46,2**

സകല ജനതകളേ, കരഘോഷം മുഴക്കുവിൻ, ആഹ്ലാദത്തോടെ ദൈവത്തെ പാടിസ്തുതിക്കുവിൻ, അല്ലേലൂയാ.

**സമിതിപ്രാർഥന**

കാരുണ്യവാനായ ദൈവമേ, പരിശുദ്ധാത്മാവാൽ ഒരുമിച്ചുചേർക്കപ്പെട്ട അങ്ങേ തിരുസ്സഭ പൂർണഹൃദയത്തോടെ അങ്ങേക്കു സമർപ്പിതയാകാനും സംശുദ്ധമായ മനസ്സോടെ ഐക്യപ്പെടാനും കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ കല്പനകളാൽ സ്ഥാപിതമായ ഈ ബലികൾ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കടപ്പെട്ട സേവനത്തിന്റെ നിർവഹണത്താൽ ഞങ്ങൾ ആഘോഷിക്കുന്ന ഈ ദിവ്യരഹസ്യങ്ങൾവഴി, അങ്ങേ പരിത്രാണത്തിന്റെ വിശുദ്ധീകരണം കാരുണ്യപൂർവം ഞങ്ങളിൽ പൂർത്തീകരിക്കണമേ. കർത്താവായ...

പെസഹാക്കാലത്തെയോ സ്വർഗ്ഗാരോഹണത്തിന്റെയോ ആമുഖഗീതി, pp

**ദിവ്യഭോജനപ്രഭണിതം** **യോഹ 15,26-27**

കർത്താവ് അരുൾചെയ്യുന്നു: ഞാൻ നിങ്ങൾക്ക് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നു പുറപ്പെടുന്ന ആ സത്യാത്മാവ്, വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നല്കും, നിങ്ങളും സാക്ഷ്യം നല്കും, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ദിവ്യരഹസ്യത്തിന്റെ പങ്കാളിത്തം അങ്ങേ കൃപ ഞങ്ങളിൽ നിരന്തരം വർധമാനമാക്കുകയും അതിന്റെ ശക്തിയാൽ ഞങ്ങളെ ശുദ്ധീകരിച്ച് ഇത്രവലിയ ദാനങ്ങൾ ഇടവിടാതെ സ്വീകരിക്കാൻ ഞങ്ങളെ ശക്തരാക്കുകയുംചെയ്യുമാറാകട്ടെ. കർത്താവായ...

## വ്യാഴം

**പ്രവേശകപ്രഭണിതം** **ഹെബ്രാ 4,16**

വേണ്ടസമയത്ത് കരുണയും കൃപാവരവും ലഭിക്കാൻ നമുക്കു പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം, അല്ലേലൂയാ.

**സമിതിപ്രാർഥന**

കർത്താവേ, അങ്ങേ ആത്മാവ് ഞങ്ങളിൽ ആത്മീയദാനങ്ങൾ സമൃദ്ധമായി നിറയ്ക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അവിടന്ന് ഞങ്ങൾക്ക് പ്രീതികരമായ മനസ്സ് നല്കുകയും കാരുണ്യപൂർവം അങ്ങേ തിരുമനസ്സിന് ഞങ്ങളെ അനുരൂപരാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ കാണിക്കൾ ദയാപൂർവം വിശുദ്ധീകരിക്കുകയും ആത്മീയബലിയുടെ അർപ്പണം സ്വീകരിച്ച്, ഞങ്ങൾ ഞങ്ങളെത്തന്നെ അങ്ങേക്ക് നിത്യമായ കാണിക്കയാക്കിത്തീർക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്തെയോ സ്വർഗ്ഗാരോഹണത്തിന്റെയോ ആമുഖഗീതി, pp

**ദിവ്യഭോജനപ്രഭണിതം** **യോഹ 16,7**

കർത്താവ് അരുൾചെയ്യുന്നു: സത്യം ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ പോകുന്നത്; ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുത്തേക്കു വരികയില്ല, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങൾ സ്വീകരിച്ച രഹസ്യങ്ങൾ പ്രബോധനങ്ങളാൽ ഞങ്ങളെ ഉദ്ബോധിപ്പിക്കുകയും പങ്കാളിത്തത്താൽ പുനഃരുദ്ധരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, സ്വർഗീയ ദാനങ്ങളിലേക്ക് എത്തിച്ചേരാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. കർത്താവായ...

# വെള്ളി

## പ്രവേശകപ്രഭണിതം വെളി 1,5-6

ക്രിസ്തു നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കുകയും സ്വപിതാവിന്റെ രാജ്യവും പുരോഹിതരുമാക്കുകയും ചെയ്തു, അല്ലേലൂയാ.

## സമിതിപ്രാർഥന

ദൈവമേ, അങ്ങേ ക്രിസ്തുവിന്റെ മഹത്ത്വീകരണത്താലും പരിശുദ്ധാത്മാവിന്റെ പ്രകാശനത്താലും നിത്യതയുടെ കവാടം ഞങ്ങൾക്കായി തുറന്നുതന്നുവല്ലോ. അങ്ങനെ, ഇത്രമഹത്തായ ദാനത്തിന്റെ ഭാഗഭാഗിത്വംവഴി, ഞങ്ങളുടെ ഭക്തി വർധമാനമാക്കുകയും വിശ്വാസത്തിന്റെ അഭിവൃദ്ധിയിലേക്കു നയിക്കപ്പെടാൻ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ ജനത്തിന്റെ ബലിവസ്തുക്കൾ കരുണയോടെ കടാക്ഷിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേക്ക് അവ സ്വീകാര്യമാക്കിത്തീർക്കുകയും പരിശുദ്ധാത്മാവിന്റെ ആഗമനത്താൽ ഞങ്ങളുടെ മനഃസാക്ഷി ശുദ്ധീകരിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

പെസഹാക്കാലത്തെയോ സ്വർഗ്ഗാരോഹണത്തിന്റെയോ ആമുഖഗീതി, pp

## ദിവ്യഭോജനപ്രഭണിതം യോഹ16,13

കർത്താവ് അരുൾചെയ്യുന്നു: സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്ക് നയിക്കും, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

ദൈവമേ, അങ്ങേ രഹസ്യങ്ങളാൽ ഞങ്ങൾ ശുദ്ധീകരിക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്തുവല്ലോ. അങ്ങനെ, അങ്ങ് ഞങ്ങൾക്കു നല്കിയ അവയുടെ പോഷണം നിത്യജീവൻ നല്കട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# ശനി

## പ്രഭാതപൂജ

**പ്രവേശകപ്രഭണിതം** **അപ്പ 1,14**

ശിഷ്യന്മാർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർഥനയിൽ മുഴുകിയിരുന്നു, അല്ലേലൂയാ.

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, പെസഹാതിരുനാൾ ആഘോഷിക്കുന്ന ഞങ്ങൾ അങ്ങേ ഔദാര്യത്താൽ ഞങ്ങളുടെ സൽപ്രവൃത്തികളിലൂടെയും ജീവിതത്തിലൂടെയും അവയെ ഞങ്ങൾ കാത്തുസൂക്ഷിക്കാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, പരിശുദ്ധാത്മാവ് ആഗതനായി ദിവ്യരഹസ്യങ്ങളാൽ ഞങ്ങളുടെ മനസ്സിനെ ഒരുക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്തെന്നാൽ, അവിടന്നു തന്നെയാണല്ലോ സമസ്തപാപങ്ങളുടെയും മോചനം. കർത്താവായ...

പെസഹാക്കാലത്തെയോ സ്വർഗാരോഹണത്തിന്റെയോ ആമുഖഗീതി, pp.

**ദിവ്യഭോജനപ്രഭണിതം** **യോഹ 16,14**

കർത്താവ് അരുൾചെയ്യുന്നു: പരിശുദ്ധാത്മാവ് എന്നെ മഹത്ത്വപ്പെടുത്തും. എന്തെന്നാൽ, എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങളുടെ പ്രാർഥനകൾ കാരുണ്യപൂർവം ശ്രവിക്കണമേ. അങ്ങനെ, പഴയതിൽനിന്ന് പുതിയരഹസ്യങ്ങളിലേക്കു കൊണ്ടുവരപ്പെട്ടതുപോലെ, പഴയവ ഉപേക്ഷിച്ച് ശുദ്ധീകരിക്കപ്പെട്ട മാനസങ്ങളോടെ ഞങ്ങൾ നവീകരിക്കപ്പെടുമാറാകട്ടെ. കർത്താവായ...

# പെന്തക്കൊസ്താ ഞായർ

## മഹോത്സവം

## ജാഗരപൂജ

ശനിയാഴ്ച വൈകുന്നേരം പെന്തക്കൊസ്താ ഞായറിന്റെ ഒന്നാമത്തെ സായാഹ്നപ്രാർഥനക്ക് മുമ്പോ പിമ്പോ ഈ പൂജ ഉപയോഗിക്കുന്നു.

**പ്രവേശകപ്രഭണിതം** **റോമാ 5,5;cf. 8,11**

അവിടത്തെ ആത്മാവ് നമ്മളിൽ വസിക്കുന്നതുവഴി, ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ ചൊരിയപ്പെട്ടിരിക്കുന്നു, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, പെസഹാനുഷ്ഠാനം അമ്പതു ദിവസങ്ങളുടെ രഹസ്യമായി ഉൾക്കൊള്ളാൻ തിരുമനസ്സായല്ലോ. വിവിധ ഭാഷകളാൽ ചിതറിക്കപ്പെട്ട ജനതകളെ സ്വർഗീയ ദാനത്താൽ അങ്ങേ നാമത്തിന്റെ ഏകവിശ്വാസപ്രഖ്യാപനത്തിലേക്ക് ഒരുമിച്ചു ചേരാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

അഥവാ

സർവശക്തനായ ദൈവമേ, അങ്ങയുടെ വെളിച്ചത്തിന്റെ തേജസ്സ് ഞങ്ങളുടെമേൽ പ്രശോഭിക്കാനും അങ്ങയുടെ വെളിച്ചത്തിന്റെ ശോഭ അങ്ങേ അനുഗ്രഹത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഹൃദയങ്ങളെ പരിശുദ്ധാത്മാവിന്റെ പ്രകാശനത്താൽ ദൃഢമാക്കാനും ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

## നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങളർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങൾ അങ്ങേ ആത്മാവിന്റെ അനുഗ്രഹത്താൽ നിറയ്ക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അവവഴി അങ്ങേസഭക്ക് സ്നേഹം പ്രദാനംചെയ്യണമേ. ഈ സ്നേഹത്തിലൂടെയാണല്ലോ സർവലോകത്തിനും രക്ഷാകരരഹസ്യത്തിന്റെ ഉൾപ്പൊരുൾ പ്രകാശിതമാകുന്നത്. കർത്താവായ...

പെന്തക്കൊസ്താ ആമുഖഗീതി തുടർന്നുവരുന്ന ദിവ്യപൂജയിൽ കൊടുത്തിരിക്കുന്നു, pp

റോമൻ കാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥന ചൊല്ലുന്നു

## ദിവ്യഭോജനപ്രഭണിതം  യോഹ 7,37

തിരുനാളിന്റെ അവസാനദിനത്തിൽ യേശു എഴുന്നേറ്റുനിന്ന് ശബ്ദമുയർത്തി പറഞ്ഞു: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുത്തുവന്ന് കുടിക്കട്ടെ, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, സ്വീകരിച്ച ഈ ദാനങ്ങൾ ഞങ്ങൾക്കുപകരിക്കുമാറാകട്ടെ. അങ്ങനെ, അങ്ങേ അപ്പസ്തോലന്മാരുടെമേൽ വിസ്മയകരമായി അങ്ങു ചൊരിഞ്ഞ അതേ ആത്മാവാൽ ഞങ്ങളും അനവരതം തീക്ഷ്ണതയുള്ളവരാകുമാറാകട്ടെ. കർത്താവായ...

സാഘോഷആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്, pp.

## ദിനപൂജ

**പ്രവേശകപ്രഭണിതം** **ജ്ഞാനം 1, 7**

കർത്താവിന്റെ ആത്മാവ് ലോകം മുഴുവൻ നിറഞ്ഞിരിക്കുന്നു; എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന അതിന് വചനത്തിന്റെ ജ്ഞാനമുണ്ട്, അല്ലേലൂയ.

അഥവാ **റോമാ 5,5; cf. 8,11**

അവിടത്തെ ആത്മാവ് നമ്മളിൽ വസിക്കുന്നതുവഴി ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ ചൊരിയപ്പെട്ടിരിക്കുന്നു, അല്ലേലൂയാ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

ദൈവമേ, ഇന്നത്തെ ആഘോഷത്തിന്റെ അനുഷ്ഠാനത്താൽ എല്ലാ ജനങ്ങളിലും രാജ്യങ്ങളിലുമുള്ള അങ്ങേ സമസ്തസഭയെ അത് വിശുദ്ധീകരിക്കുന്നുവല്ലോ. ലോകം മുഴുവനിലും പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ വർഷിക്കണമേ. സുവിശേഷം ആദ്യമായി പ്രഘോഷിക്കപ്പെട്ടപ്പോൾ പ്രവർത്തിച്ച ദൈവികകാരുണ്യം ഇന്നും വിശ്വാസികളുടെ ഹൃദയങ്ങളിലൂടെ ഒരിക്കൽക്കൂടി ചൊരിയുമാറാകണമേ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ പുത്രന്റെ വാഗ്ദാനമനുസരിച്ച് പരിശുദ്ധാത്മാവ് ഈ ബലിയുടെ രഹസ്യം സമൃദ്ധമായി വെളിപ്പെടുത്താനും എല്ലാ സത്യങ്ങളും കാരുണ്യപൂർവം അനാവരണംചെയ്യാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

ആമുഖഗീതി: പെന്തക്കൊസ്തതായുടെ രഹസ്യം

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

എന്തെന്നാൽ, അങ്ങ് പെസഹാരഹസ്യം പൂർത്തിയാക്കിക്കൊണ്ട് അങ്ങേ ഏകജാതന്റെ സംസർഗത്തിലൂടെ ദത്തുപുത്രരായിരിക്കാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ഇന്ന് അങ്ങ് പരിശുദ്ധാത്മാവിനെ വർഷിക്കുകയും ചെയ്തു. സഭയുടെ ആരംഭം കുറിച്ച അവിടന്ന് സകല ജനതകൾക്കും ദൈവികജ്ഞാനം പ്രദാനം ചെയ്യുകയും വ്യത്യസ്തമായ ഭാഷകൾ ഒരേ വിശ്വാസത്തിന്റെ പ്രഖ്യാപനത്താൽ ഒന്നാക്കിത്തീർക്കുകയും ചെയ്തു.

ആകയാൽ പെസഹാസന്തോഷത്താൽ നിറഞ്ഞ് ഭൂതലത്തിലെ സകല ജനങ്ങളും ആഹ്ലാദിക്കുന്നു; മാത്രമല്ല, ഉന്നതശാക്തികന്മാരും മാലാഖവൃന്ദങ്ങളും അവിരാമം സ്തുതിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഒന്നുചേർന്ന് ആലപിക്കുന്നു.

പരിശുദ്ധൻ...

റോമൻ കാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥന ചൊല്ലുന്നു.

**ദിവ്യഭോജനപ്രഭണിതം** **അപ്പ 2,4.11**

എല്ലാവരും പരിശുദ്ധാത്മാവാൽ നിറയപ്പെട്ടു, ദൈവത്തിന്റെ അദ്ഭുതപ്രവൃത്തികൾ അവർ വിവരിച്ചു, അല്ലേലൂയാ.

**ദിവ്യഭോജനപ്രാർഥന**

ദൈവമേ, അങ്ങേ സഭയ്ക്ക് സ്വർഗീയ ദാനങ്ങൾ പ്രദാനംചെയ്യുകയും അങ്ങു നല്കിയകൃപ കാത്തുസൂക്ഷിക്കുകയും ചെയ്യണമേ. അങ്ങനെ, വർഷിക്കപ്പെട്ട പരിശുദ്ധാത്മാവിന്റെ ദാനം ശക്തമാകാനും ആത്മീയഭോജനം നിത്യമായ പരിത്രാണത്തിന്റെ വർധനയ്ക്ക് ഉപകരിക്കാനും ഇടയാകുമാറാകട്ടെ. കർത്താവായ...

സാഘോഷആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്.p.

ജനങ്ങളെ പറഞ്ഞയയ്ക്കാനായി, ഡീക്കൻ, അഥവാ അദ്ദേഹത്തിന്റെ അഭാവത്തിൽ, പുരോഹിതൻ തന്നെ പാടുകയോ ചൊല്ലുകയോ ചെയ്യുന്നു.

പോകുവിൻ, ദിവ്യപൂജ സമാപിച്ചു, അല്ലേലൂയാ, അല്ലേലൂയാ.

R. ദൈവത്തിനു നന്ദി, അല്ലേലൂയാ, അല്ലേലൂയാ.

പെസഹാക്കാലം തീരുന്നതോടെ, പെസഹാത്തിരി അണയ്ക്കുന്നു. പെസഹാത്തിരി ജ്ഞാനസ്നാനവേദിയിൽ ആദരപൂർവം സൂക്ഷിക്കുന്നു. ജ്ഞാനസ്നാനആഘോഷത്തിൽ, ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ തിരി അതിൽനിന്ന് കത്തിക്കുന്നു.

വിശ്വാസികൾ ദിവ്യപൂജയ്ക്ക് പങ്കെടുക്കാൻ കടപ്പെട്ടതോ പാരമ്പര്യമുള്ളതോ ആയ പെന്തക്കൊസ്താ കഴിഞ്ഞുള്ള തിങ്കളോ ചൊവ്വയോ പെന്തക്കൊസ്താ ഞായറിന്റെ ദിവ്യബലി ആവർത്തിക്കുകയോ പരിശുദ്ധാത്മാവിന്റെ ദിവ്യബലി ചൊല്ലുകയോ ചെയ്യാവുന്നതാണ്, pp.

# പെസഹാക്കാലം